PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം.....03
വിജ്ഞാപനം.....09
Bishop's Engagement.....11
From the Bishop's Office.....12
നിത്യാരാധനാ കപ്പേള.....17
വിശ്വാസപരിശീലനവേദി.....18
സ്റ്റാർസ്.....25
ബൈബിൾ അപ്പോസ്സലേറ്റ്.....25
തിരുബാലസഖ്യം.....33
അൾത്താരസംഘം.....35
സി.എം.എൽ.....36
കെ.സി.വൈ.എം.....38
ജീസസ് യൂത്ത്.....39
മാതൃസംഘം.....40
ഫാമിലി അപ്പോസ്സലേറ്റ്.....40
കുടുംബകൂട്ടായ്മ.....42
കത്തോലിക്കാ കോൺഗ്രസ്സ്.....43
മദ്യവിരുദ്ധസമിതി.....44
സെഹിയോൻ ധ്യാനകേന്ദ്രം.....45
പി. എസ്. എസ്. പി.....46
കെ.എൽ.എം.....48
From the Bishop's Diary.....49

441/2013
30-10-2013

# ഇടയലേഖനം-127

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

കത്തോലിക്കാ സഭാംഗങ്ങളെ സഭയിൽനിന്ന് അടർത്തിയെടുക്കുന്ന സെക്ടുകൾ രൂപതയിലെ ചില സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു എന്നറിയുന്നു. അവർ സഭാമക്കളുടെ വീടുകൾ കയറിയിറങ്ങി തെറ്റായ പ്രബോധനങ്ങൾ നൽകിയും അവ ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്തും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തും സഭാംഗങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു. അവരുടെ സഭാവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ഏവരേയും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

സത്യസഭാംഗങ്ങളായ നമ്മുക്ക് സഭയെപ്പറ്റി ശരിയായ അറിവും സഭയോടുള്ള ആത്മാർത്ഥമായ സ്നേഹവും ഉണ്ടാകണം. അതിന്റെ അഭാവം മൂലമാണ് ചിലരെങ്കിലും സെക്ടുകളിലേക്ക് എളുപ്പത്തിൽ ആകർഷിതരാകുന്നത്. ഈശോയെ അറിയുമ്പോഴാണ് സഭയെ അറിയുന്നത്. സഭയെ ശരിയായി അറിയുമ്പോൾ ഈശോയെ കൂടുതൽ അറിയുന്നു. കാരണം സഭ ഈശോയുടെ തുടർച്ചയാണ്. “നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം തിരുസഭ എന്താണെന്ന് അറിയുകയാണ്. അഥവാ തിരുസഭയിൽ നാം എന്താണ് എന്ന് അവബോധമുണ്ടാകുകയാണ്” എന്ന പോൾ ആറാമൻ പാപ്പായുടെ പ്രസ്താവന ഇത്തരുണത്തിൽ സ്മരണീയമാണ്. “എന്റെ പ്രിയപ്പെട്ട മക്കളെ, കത്തോലിക്കർക്ക് തെറ്റുപറ്റുന്നത് അധികവും അറിവില്ലായ്മകൊണ്ടാണ്” എന്ന വി. ജോൺവിയാനിയുടെ നിരീക്ഷണവും ശ്രദ്ധേയമാണ്.





സഭയെക്കുറിച്ചുള്ള പ്രബോധനങ്ങൾ ഈശോ നേരിട്ട് നൽകിയവയാണ്. “ഈശോ പത്രോസിനെ നോക്കിപ്പറഞ്ഞു: ഞാൻ നിന്നോട് പറയുന്നു. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല” (മത്താ. 16:18). ഈശോ തന്റെ സഭയെ സ്ഥാപിച്ചത് പത്രോസാകുന്ന പാറമേലും അപ്പസ്തോലന്മാരാകുന്ന അടിത്തറയിന്മേലുമാണ്. അതുകൊണ്ടാണ് സഭയെ അപ്പസ്തോലികസഭ എന്നു വിളിക്കുന്നത്. “അപ്പസ്തോലന്മാരും പ്രവാചകന്മാരാമാകുന്ന അടിത്തറയിന്മേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്” (എഫേ. 2:20) എന്നത്രെ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത്.

സഭ എന്താണ് എന്ന് ഈശോ തന്നെ പൗലോസ് ശ്ലീഹായെ നേരിട്ടു പഠിപ്പിച്ചു. ആദിമസഭയെ പീഡിപ്പിച്ച പൗലോസിനോട് ഈശോ ചോദിച്ചു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പക്കുന്നു?” “കർത്താവേ, അങ്ങ് ആരാണ്?” എന്നു ആരാഞ്ഞപ്പോൾ അവിടുന്ന് മറുപടി നൽകി: “നീ പീഡിപ്പിക്കുന്ന ഈശോയാണ് ഞാൻ” (അപ്പ.9:4,5). സഭയെ പീഡിപ്പിക്കുന്നത് ഈശോയെ പീഡിപ്പിക്കുന്നതിനു തുല്യമാണ് എന്ന് ഈശോ വ്യക്തമാക്കുകയായിരുന്നു. കാരണം ഈശോയും സഭയും ഒന്നുതന്നെയാണ്. “സഭ ഈശോയുടെ ശരീരമാണ്” (എഫേ.1:23). “ഈശോ സഭയാകുന്ന ശരീരത്തിന്റെ ശിരസുമാണ്” (കോളോ. 1:18). ശിരസും ശരീരവും പോലുള്ള ബന്ധമാണ് ഈശോയും സഭയും തമ്മിലുള്ളത്. ഈശോ ശിരസും സഭ അവിടുത്തെ ശരീരവുമാണെങ്കിൽ സഭാംഗങ്ങളായ നമ്മൾ ആ ശരീരത്തിന്റെ അവയവങ്ങളാണ്. അതുകൊണ്ടാണ് “നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്” എന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് (1കോറി 12:27).

ഒരു വ്യക്തിക്ക് സഭയോടുള്ള ബന്ധമാണൊ ഈശോയോടുള്ള ബന്ധമാണോ ആദ്യം നഷ്ടപ്പെടുന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരമിതാണ്: ഒരു വ്യക്തിക്ക് ശിരസ്സായ ഈശോയുമായുള്ള ബന്ധം നഷ്ടപ്പെട്ടുപോയാൽ അയാൾക്ക് സഭയോടും ബന്ധമുണ്ടാവില്ല. സഭയോടുള്ള ബന്ധമല്ല, ഈശോയോടുള്ള ബന്ധമാണ് ആദ്യം അറ്റുപോകുന്നത്. “എനിക്ക് ഈശോയെ ഇഷ്ടമാണ്. സഭ

യോട് വെറുപ്പാണ്” എന്ന് ആരെങ്കിലും പറഞ്ഞാൽ അയാൾ സത്യമല്ല പറയുന്നത്. ഈശോയെ ഇഷ്ടപ്പെടുന്നവർ സഭയെയും ഇഷ്ടപ്പെടും. ഈശോയെ വെറുക്കുന്നവർ സഭയെയും വെറുക്കും. കാരണം ഈശോയും സഭയും രണ്ടല്ല, ഒന്നാണ്. ഉദാഹരണത്തിന് സഭയെ വെറുത്തിരുന്നവർ ധ്യാനം കൂടി നവീകരിക്കപ്പെട്ട് ഈശോയുമായി ബന്ധത്തിലാകുമ്പോൾ സ്വാഭാവികമായി അവർ സഭയെ സ്നേഹിച്ചുതുടങ്ങുന്നു; സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈശോയാകുന്ന ശിരസ്സിനോട് ചേർന്ന് സഭയാകുന്ന ശരീരത്തോട് യോജിച്ചുള്ള ഒരു വളർച്ചയാണ് ശരിയായ ആദ്ധ്യാത്മിക വളർച്ച. ദൈവത്തെ നാം മഹത്വപ്പെടുത്തേണ്ടത് സഭവഴിയും ഈശോ വഴിയുമാണ്. അതുകൊണ്ട് ഈശോയെ പ്രഘോഷിക്കുന്ന വേദികളിൽ സഭയെയും പ്രഘോഷിക്കണം. കാരണം സഭയും ഈശോയും ഒന്നാണ്.

ലോകത്ത് ഇന്ന് വളരെയേറെ സഭകളുണ്ട്. എന്നാൽ ഈശോ ഒരു സഭയെ സ്ഥാപിച്ചിട്ടുള്ളു. ഏകരക്ഷകനായ അവിടുന്ന് സ്ഥാപിച്ച സഭയും ഏകമാണ്. ഈശോ ശിരസ്സാണെങ്കിൽ ആ ശിരസ്സിന് ഒരു ശരീരമേ ഉണ്ടാകാൻ പാടുള്ളൂ. ഒരു ശിരസ്സും അതിൽ അനേകം ശരീരങ്ങളും ഉണ്ടാവുക എത്രയോ ബീഭത്സമായ കാഴ്ചയാണ്! സത്യസഭ ഏതെന്ന് അറിയാൻ ഇപ്പോഴുള്ള എല്ലാ സഭകളുടെയും ചരിത്രം പരിശോധിച്ചാൽ മതി. എല്ലാം കത്തോലിക്കാസഭയിൽ ചെന്നെത്തും. മനുഷ്യവ്യക്തികൾക്ക് ഇഷ്ടംപോലെ സഭ സ്ഥാപിക്കാൻ അധികാരമില്ല. ക്രിസ്തുമാത്രമാണ് സഭാസ്ഥാപകൻ. അവിടുന്ന് സ്ഥാപിച്ച സഭ ഏകമാണ്. അപ്പസ്തോലികസഭ എവിടെയാണോ അവിടെയാണ് അപ്പസ്തോലന്മാരിൽ ആരംഭിച്ച പൗരോഹിത്യമുള്ളത്. അവിടെയാണ് ഇടമുറിയാത്ത കൈവയ്പ്പു ശുശ്രൂഷയും യഥാർത്ഥമായ ബലിയർപ്പണവുമുള്ളത്.

വ്യാജപ്രബോദ്ധകർ പ്രത്യക്ഷപ്പെടുമെന്നും, സഭാംഗങ്ങളെ വഴിതെറ്റിക്കുമെന്നും ഭിന്നിപ്പിക്കുമെന്നും മുൻകൂട്ടി കണ്ടുകൊണ്ട് വി. പൗലോസ്ശ്ലീഹാ അജപാലകർക്ക് ജാഗ്രതപുലർത്തുവാൻ നിർദ്ദേശം കൊടുക്കുന്നുണ്ട്. “നിങ്ങളേയും അജഗണം മുഴുവനേയും പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവ് സ്വന്തംരക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ട അജപാലകരാണ് നിങ്ങൾ. എന്റെ വേർപാടിനുശേഷം ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ മദ്ധ്യേ വരുമെന്നും അവ അജഗണത്തെ വെറുതെ  വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ച്





തങ്ങളുടെ പിന്നാലെ കൊണ്ടുപോകാൻവേണ്ടി സത്യത്തെ വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെ ഇടയിൽതന്നെ ഉണ്ടാകും. അതിനാൽ നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുവിൻ” (അപ്പ.20:28-31). ഈ സ്ഥിതിവിശേഷം സഭ ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നു.  “നിരവധി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെടുകയും അനേകം പേരെ വഴിതെറ്റിക്കുകയും ചെയ്യും” (മത്താ. 24:11) എന്ന് കർത്താവ് തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വ്യാജപ്രവാചകൻ എന്നു പറഞ്ഞാൽ വ്യാജആത്മാവ് അഥവാ ദുഷ്ടാരൂപിയുള്ള പ്രവാചകൻ എന്നാണർത്ഥം. സഭാ മക്കളെ വഴിതെറ്റിക്കാൻ വ്യാജപ്രവാചകന്മാർ യഥാർത്ഥ പ്രവാചകന്മാരുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. പിശാചുപോലും പ്രഭാപൂർണ്ണനായ ദൈവദൂതനായി വേഷം കെട്ടാറുണ്ടല്ലോ. അതിനാൽ അവന്റെ ശുശ്രൂഷകരും നീതിയുടെ ശുശ്രൂഷകരായി വേഷം കെട്ടുന്നെങ്കിൽ അതിലെന്തത്ഭുതം എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ ചോദിക്കുന്നത് (2 കൊറി. 11:14).

സഭയുടെ ഗ്രന്ഥമാണ് ബൈബിൾ. ആകയാൽ അത് സഭയോട് ചേർന്നും സഭയുടെ പാരമ്പര്യങ്ങൾക്കനുസൃതമായും വ്യാഖ്യാനിക്കപ്പെടണം. അക്കാരണത്താലാണ്, ബൈബിൾ മാത്രം മതി എന്ന് പ്രൊട്ടസ്റ്റന്റ്കാരുടെയും മറ്റു ചില സെക്ടുകളുടെയും ആശയത്തിന് വിരുദ്ധമായി തിരുവചനം സഭയിലും സഭയിലൂടെയും സഭയോടൊത്തും മാത്രമെ ശരിയായി മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും സാധിക്കുകയുള്ളുവെന്ന് കത്തോലിക്കാസഭ വിശ്വസിക്കുകയും അസന്നിഗ്ദ്ധമായി പഠിപ്പിക്കുകയും ചെയ്യുന്നത്. സഭയിൽനിന്ന് തെറ്റിമാറി പുതിയ സഭകൾക്കും പ്രസ്ഥാനങ്ങൾക്കും രൂപംകൊടുത്തവർ വചനത്തിന് നൽകുന്ന വ്യാഖ്യാനം പലപ്പോഴും അവരുടെ സ്വന്തം വ്യാഖ്യാനമാണ്. അതുകൊണ്ടാണ് അവരിൽ ചിലർ, രക്ഷകൻ ഇനിയും വന്നിട്ടില്ല, വരുന്നതേ ഉള്ളൂ, പരി. കുർബാനയുടെയും കൂദാശകളുടെയും ആവശ്യമില്ല, രക്ഷയ്ക്ക് അടിസ്ഥാനം വി. ഗ്രന്ഥം മാത്രമാണ്, പരി. മറിയത്തെയും വിശുദ്ധരെയും വണങ്ങുന്നത് തെറ്റാണ്, തനതുവിധിയോ നിത്യനരകമോ ഇല്ല എന്നെല്ലാം പഠിപ്പിക്കുന്നത്. ദൈവവചനം ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല (2 പത്രോ. 1:20) എന്ന വി. പത്രോസിന്റെ പഠനം അവർ ഉൾക്കൊള്ളുന്നില്ല . അക്കൂട്ടരുടെ വചന വ്യാഖ്യാനത്തെ അതേപടി സ്വീകരിക്കുന്നത് എത്രയോ മൗഢ്യമാണെന്ന് വ്യക്തമാക്കികൊണ്ട് വി. പൗലോസ് ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: “ക്രിസ്തുവിന്റെ കൃപയിൽ നിങ്ങളെ വിളിച്ചവനെ

നിങ്ങൾ ഇത്ര പെട്ടെന്ന് ഉപേക്ഷിക്കുകയും വ്യത്യസ്തമായ ഒരു സുവിശേഷത്തിലേക്കു തിരിയുകയും ചെയ്യുന്നതിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. വാസ്തവത്തിൽ മറ്റൊരു സുവിശേഷമില്ല; എന്നാൽ, നിങ്ങളെ ഉപദ്രവിക്കാനും ക്രിസ്തുവിന്റെ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട്. ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ! ഞങ്ങൾ നേരത്തേ നിങ്ങളോടു പറഞ്ഞപ്രകാരം തന്നെ ഇപ്പോഴും ഞാൻ പറയുന്നു, നിങ്ങൾ സ്വീകരിച്ച സുവിശേഷമല്ലാതെ മറ്റൊന്ന് ആരെങ്കിലും നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ!" (ഗലാ. 6-9).

തെറ്റായ വ്യാഖ്യാനങ്ങളിലും സിദ്ധാന്തങ്ങളിലും പ്രവണതകളിലും ഉൾപ്പെടാതിരിക്കുന്നതിന് സ്വീകരിക്കേണ്ട പ്രതിരോധമാർഗ്ഗങ്ങൾകൂടി സൂചിപ്പിച്ചുകൊള്ളട്ടെ.

1. മനുഷ്യമനസ്സിൽ ദൈവത്തിനുവേണ്ടിയുള്ള ദാഹം ശക്തമായതുകൊണ്ട് സഭയിൽതന്നെ ദൈവാനുഭവം ലഭിക്കത്തക്കവിധം സഭാശുശ്രൂഷകൾ സജീവവും ഹൃദ്യവുമാക്കണം. പ്രാർത്ഥനാനുഭവം നൽകുന്ന രീതിയിൽ ദേവാലയശുശ്രൂഷകൾ ക്രമീകരിക്കണം.

2. നൊവേനകൾക്കും തിരുനാളുകൾക്കും അമിതപ്രാധാന്യം നൽകാതെ വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മികത വളർത്തിയെടുക്കണം.

3 ദൈവവചനം ആഴത്തിൽ വ്യക്തിപരമായും സംഘാതമായും വായിച്ചു പഠിക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കണം. ബൈബിൾ പഠന ഗ്രൂപ്പുകൾ ഉണ്ടാവണം

4. മുതിർന്നവരുടെ മതബോധനം കാര്യക്ഷമമാക്കണം. മുതിർന്നവരുടെയും യുവജനങ്ങളുടെയും തുടർ പരിശീലന പദ്ധതികൾ കാര്യക്ഷമമായി ഇടവകകളിൽ ഉണ്ടാവണം.'കത്തോലിക്കാസഭയുടെ മതബോധനം' 'യുവജനമതബോധനഗ്രന്ഥം'(യൂക്യാറ്റ്) എന്നിവ പഠനവിഷയമാക്കണം.

5. സഭയെകുറിച്ചും സഭാവിരുദ്ധ പ്രസ്ഥാനങ്ങളെക്കുറിച്ചുമുള്ള പഠനങ്ങളും ബോധവല്ക്കരണങ്ങളും നടക്കണം, പ്രത്യേകിച്ച് കുടുംബകൂട്ടായ്മകളുടെ പശ്ചാത്തലത്തിൽ.





6. സഭാവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് വീടുകളിൽ പ്രവേശനം കൊടുക്കാതിരിക്കുക, ദുരുദ്ദേശ്യപരമായ അവരുടെ ലഘുലേഖകൾ വായിക്കാതിരിക്കുക

7. ബഹു. വൈദികരും അജഗണങ്ങളുമായുള്ള ബന്ധം കൂടുതൽ ഹൃദ്യവും ദൃഢവുമാക്കണം. ബഹു. വൈദികരും സിസ്റ്റേഴ്സും ജനങ്ങൾക്ക് കൂടുതൽ സംലഭ്യരാകണം.

8. ഓരോ ഇടവകയും അതിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ദൈവജനത്തിന്റെ വിശ്വാസപരിശീലനത്തിനും ബോധവത്ക്കരണ പദ്ധതികൾക്കുമായി വിനിയോഗിക്കണം.

സഭയെ സ്നേഹിക്കുകയും സഭയോടൊത്ത് ചിന്തിക്കുകയും ചെയ്യുന്ന സഭാസന്താനങ്ങളായി നമുക്ക് മാറാം. നമുക്കുലഭിച്ച ആദ്യവിശ്വാസത്തെ അവസാനം വരെ മുറുകെ പിടിക്കാം. അപ്പോൾ മാത്രമെ നമുക്ക് യേശുക്രിസ്തുവിൽ പങ്കുകാരാകാൻ സാധിക്കു (ഹെബ്രാ. 3:14). അതിനുള്ള കൃപ നമുക്കെല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടിയും സഭ വിട്ടുപോയവർ സത്യസഭയിലേക്ക് മടങ്ങിവരാൻ ഇടയാകുന്നതിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2013 നവംബർ 10 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

442/2013
30-10-2013

## വിജ്ഞാപനം - 119

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

കത്തോലിക്ക വിശ്വാസാചാരങ്ങൾക്കെതിരായ 'കറുത്ത കുർബാന'(Black Mass) പ്രചരിച്ചുവരുന്നതായി മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞുകാണുമല്ലോ. കത്തോലിക്കർ പരിപാവനമായി കണക്കാക്കുന്ന പരിശുദ്ധ കുർബാനയുടെ വികൃതാനുകരണമാണ് കറുത്ത കുർബാന ഇത് സാത്താന് നൽകുന്ന ആരാധനയാണ്. കുർബാനയിലെ തിരുവോസ്തിയാണ് സാത്താൻ ആരാധനയുടെ പ്രധാന പൂജാദ്രവ്യം. കൂദാശചെയ്ത തിരുവോസ്തിയും കൂദാശ ചെയ്യാത്ത ഗോതമ്പപ്പവും തിരിച്ചറിയാൻ സാത്താൻ ആവസിച്ചവർക്കു കഴിയുന്നു. പൈശാചിക പ്രാർത്ഥനയിലൂടെ തിരുവോസ്തിയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവഹേളിച്ച് അശുദ്ധമാക്കുകയാണ് കറുത്ത കുർബാനയുടെ ആത്യന്തികലക്ഷ്യം. മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് ആഭാസനൃത്തങ്ങളിലൂടെയും വികൃത ലൈംഗീക വേഴ്ചകളിലൂടെയും പിശാചിനെ സ്തുതിച്ചു പുകഴ്ത്തുന്ന ഇത്തരം കർമ്മങ്ങൾ വളരെ രഹസ്യ സ്വഭാവത്തോടെയാണ് അനുഷ്ഠിച്ചുവരുന്നത്. പാലക്കാട് ജില്ലയിലും കറുത്ത കുർബാന നടക്കുന്നുണ്ടെന്നു അറിയുന്നു.

തിരുവോസ്തി കൈക്കലാക്കി സാത്താൻ ആരാധനയ്ക്ക് നല്കിയാൽ അതിനു വലിയ തുക പ്രതിഫലമായി കിട്ടുന്നു. അങ്ങനെ ചെയ്യുവാൻ സാത്താൻ സേവക്കാർ ചിലരെ ഉപയോഗിക്കുന്നതായും അറിയുന്നു. ഇക്കൂട്ടർ പരിശുദ്ധ കുർബാനയിൽ സംബന്ധിച്ചും സക്രാരി കുത്തിതുറന്നും സക്രാരി മോഷ്ടിച്ചും തിരുവോസ്തി കൈക്കലാക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ആലപ്പുഴയിലും ആലുവായിലും പള്ളികളിൽ മോഷണം നടത്തിയവർ സക്രാരിയിലെ തിരുവോസ്തി മാത്രമാണ് അപഹരിച്ചത്. അതിൽ നിന്ന് തിരുവോസ്തി കൈക്കലാക്കുകമാത്രമായിരുന്നു അവരുടെ ലക്ഷ്യമെന്ന് വ്യക്തമാണല്ലോ. എത്ര പണം നല്കിയും തിരുവോസ്തി വാങ്ങാൻ സാത്താൻ സേവക്കാർ സന്നദ്ധരാണ്. വിദ്യാർത്ഥികളെ ഉപയോഗിച്ച് തിരുവോസ്തി കടത്തി





കൊണ്ടുപോകുവാൻ ശ്രമിച്ചപ്പോൾ കയ്യോടെ അത് പിടിച്ചെടുത്ത കാര്യവും പത്രത്തിൽ നിങ്ങൾ വായിച്ചു കാണുമല്ലോ. ഈ സാഹചര്യത്തിൽ ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. പള്ളികളിലെയും സ്ഥാപനങ്ങളിലെയും സക്രാരി ദൃഢവും ഭദ്രവുമായ വിധത്തിൽ സ്ഥാപിക്കണം.
2. സക്രാരിയുടെ താക്കോൽ ബഹു. വികാരിയച്ചന്റെ സൂക്ഷിപ്പിലായിരിക്കണം.
3. വൈദികർ സ്ഥിരം താമസമില്ലാത്ത പള്ളികളിൽ പരിശുദ്ധ കുർബാന സക്രാരിയിൽ സൂക്ഷിക്കരുത്.
4. കൈകളിൽ വി. കുർബാന നൽകുന്ന രീതി പ്രചാരത്തിലുണ്ടായിരുന്നെങ്കിലും മേലിൽ വിശ്വാസികൾക്ക് നാവിൽ മാത്രം വി. കുർബാന നൽകുന്നതാണ് നല്ലത്.

തിരുവോസ്തിയിലെ നമ്മുടെ നാഥനും കർത്താവുമായ ഈശോയെ അവഹേളിക്കുന്നതിന് വിശ്വാസികളായ നമ്മൾ പരിഹാരമനുഷ്ഠിച്ച് മാപ്പ് യാചിക്കണം. പരിശുദ്ധ കുർബാനയിലെ കർത്താവിന്റെ തിരുസാന്നിധ്യത്തെ ഏറ്റുപറഞ്ഞ് വിശ്വാസ ചൈതന്യത്തോടെ പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാനും, വിശുദ്ധ കുർബാന സ്വീകരിക്കുവാനും നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ഏതെങ്കിലും ഞായറാഴ്ച** നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

2013



# BISHOP'S Engagements

## 2013 November

| | | |
|---|---|---|
| 1 | PM | Meeting, Mercy College, Palakkad |
| | PM | JIM Offset Press, Palakkad |
| 2 | AM | St. Raphael's Cathedral, Palakkad |
| 3 | | St. Mary's Church, Salem |
| 5 | | Monthly Recollection, Bishop's House |
| 6 | | Vestition, MSJ, Kanjirapuzha |
| 7 | | Sehion Retreat Centre, Thavalam |
| 8 | PM | Yuvakshetra, Mundur |
| 9 | | St. Peter's Church, Mankurissi |
| 10-11 | | Jubilee, Diocese of Kalyan, Mumbai |
| 14 | AM | St. Paul's Convent, Jellippara |
| 16 | PM | Meeting, Pastoral Centre |
| 17 | AM | Holy Family Church, Chittur, Palakkad |
| | PM | Nithyasahaya Matha Church, Panthalampadam |
| 19 | PM | Finance Council Meeting, Bishop's House |
| 22 | PM | St. Francis School, Valliyode |
| 23 | PM | Vestition, FCC, Cathedral |
| 24 | | Kanjikode |
| 25 | | Home Day, St. Mary's Minor Seminary, Kallepully |
| 26-28 | | Priests' ongoing formation, Yuvkshetra |
| 29 | | Intercuria Meeting, Thrissur |

## 2013 December

| | | |
|---|---|---|
| 1 | PM | Ramanathapuram |
| 2 | | Yuvakshetra, Mundur |
| 4 | | Precana, Yuvakshetra |
| 5 | | Sehion Retreat Centre, Thavalam |
| 7 | PM | Sinai Retreat Centre |







# From the Bishop's Office

**ആദരാഞ്ജലികൾ**

ഫാ. ഫ്രാൻസിസ് പാറയ്ക്കൽ, 22-11-1996

**മാധ്യമദിനം**

നവംബർ 17 ഞായറാഴ്ച ആഗോളസഭ മാധ്യമദിനമായി ആഘോഷിക്കുന്നു. മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയും സമൂഹത്തിൽ അവ ചെലുത്തുന്ന വർദ്ധിച്ച സ്വാധീനവും മനസ്സിലാക്കി ദൈവരാജ്യശുശ്രൂഷയ്ക്ക് അവയെ ഫലപ്രദമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. മാധ്യമദിനം സമുചിതമായി ആചരിക്കുകയും അന്നത്തെ സ്തോത്രകാഴ്ച രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**വൈദിക തുടർപരിശീലന പരിപാടി**

വിശ്വാസവർഷം പ്രമാണിച്ച് വൈദികർക്കുവേണ്ടി നവംബർ 26 മുതൽ 28 വരെ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് തുടർപരിശീലന പരിപാടി നടത്തുന്നു. ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു. ടോമി തറയിൽ അച്ചൻ ക്ലാസ്സുകൾ നയിക്കുന്നതാണ്. ക്ലാസ്സുകൾ 26-ാം തിയ്യതി 10.30ന് ആരംഭിച്ച് 28-ാം തിയ്യതി ഉച്ചഭക്ഷണത്തോടുകൂടി സമാപിക്കുന്നതാണ്. എല്ലാ വൈദികരും അതിൽ സംബന്ധിക്കേണ്ടതാണ്.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാന കണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**നിത്യാരാധന കപ്പേള മുടക്കം**

നവംബർ 18 മുതൽ 30 വരെ നിത്യാരാധന കപ്പേളയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ വി. കുർബാനയും ആരാധനയും പാലക്കാട് നിത്യാരാധന കപ്പേളയിൽ ഉണ്ടായിരിക്കുന്നതല്ല. അന്നേദിവസം നിത്യാരാധന കപ്പേളയിൽ ശുശ്രൂഷ ചെയ്യേണ്ടിയിരുന്ന വൈദീകരുടെ ശുശ്രൂഷ തീയതികളിലുള്ള മാറ്റം ശ്രദ്ധിക്കുക. സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നവംബർ 2-ാം തീയതിയും നിത്യാരാധന കപ്പേള മുടക്കമായിരിക്കും.

### ജൂബിലി മംഗളാശംസകൾ

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. സെബാസ്റ്റ്യൻ ഇരിമ്പൻ അച്ചനും രജത ജൂബിലി ആഘോഷിക്കുന്ന ബഹു. ജോസ് കൊച്ചുപറമ്പിൽ, ബഹു. അബ്രഹാം പാലത്തിങ്കൽ, ബഹു. തോമസ് പറമ്പി, ബഹു. ജീജോ ചാലക്കൽ, ബഹു. ജോസ് പൊന്മാണി എന്നീ അച്ചന്മാർക്കും പാലക്കാട് രൂപതയുടെ പ്രാർത്ഥനാശംസകൾ. നവംബർ 28-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 6.30 ന് യുവക്ഷേത്രയിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതാ വൈദികരുമൊത്ത് ജൂബിലിയേറിയൻസ് കൃതജ്ഞതാബലി അർപ്പിക്കുന്നതാണ്.

**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായ നോമ്പായതിനാൽ ആ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾ അനുവദനീയമല്ല.

**രൂപതാ ഫിനാൻസ് കൗൺസിൽ അംഗങ്ങൾ (2013-2016)**

1. മാർ ജേക്കബ് മനത്തോടത്ത്
2. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി
3. റവ. ഫാ. ജോസ് പി. ചിറ്റിലപ്പള്ളി
4. റവ. ഫാ. ജോർജ്ജ് തെരുവൻക്കുന്നേൽ
5. റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ
6. റവ. ഫാ. ജോഷി പുലിക്കോട്ടിൽ
7. ശ്രീ. ജോസ് മേനാച്ചേരി
8. ശ്രീ. ജോസ് തോമസ് മുക്കട
9. ശ്രീ. പ്രിൻസ് പാറ്റാനി
10. ശ്രീ. ജോസ് ഞാറംവേലിൽ
11. ശ്രീ. ജോൺ ജേക്കബ് ഇരട്ടേപ്പറമ്പിൽ

**വിഹിതങ്ങൾ**

രൂപതാദിനം, വെള്ളപ്പൊക്ക ദുരിതാശ്വാസം എന്നിവയിലേക്ക് ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിച്ച സംഖ്യയുടെ കണക്ക് ചുവടെ ചേർക്കുന്നു. ഈ ഇനത്തിൽ ഇനി നൽകാനുള്ളവരും മിഷൻ ഞായർ സംഖ്യയും നവംബർ 30ന് മുൻപ് രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.





## DIOCESAN DAY COLLECTION 2013

### PARISHES

| | | | |
|---|---|---|---|
| 1 | Vadakkencherry | Lourde Matha Forane Church | 60000 |
| 2 | Kanjirapuzha | St. Thomas Forane Church | 50000 |
| 3 | Mannarkkad | Holy Spirit Forane Church | 45000 |
| 4 | Palakkad | St. Raphael's Cathedral Church | 40328 |
| 5 | Ponnamkode | St. Antony Forane Church | 40000 |
| 6 | Olavakode | St. Joseph Forane Church | 40000 |
| 7 | Rajagiri | Scared Heart Church | 40000 |
| 8 | Kanjikode | Good Shepherd Church | 30000 |
| 9 | Panthalampadam | Nithyasahaya Matha Church | 20000 |
| 10 | Thavalam | Holy Trinity Forane Church | 20000 |
| 11 | Mylampully | St .Mary Church | 18000 |
| 12 | Palakkad Town | Nithyasahaya Matha Church | 15000 |
| 13 | Chandranagar | Divine Providence Church | 15000 |
| 14 | Nemmara | Christ the King Church | 14000 |
| 15 | Melarkode | St. Antony's Forane Church | 14000 |
| 16 | Mangalam Dam | St. Xavier Church | 13180 |
| 17 | Pulapatta | Holy Cross Church | 12000 |
| 18 | Karappadam | St. Joseph's Church | 12000 |
| 19 | Shornur | St. Agnes Church | 11725 |
| 20 | Arogyapuram | St. Mary's Church | 11371 |
| 21 | Kallepully | St. Mary's Church | 10380 |
| 22 | Chittadi (Marianagar) | St. Mary Church | 10000 |
| 23 | Kadambur | St. Francis of Assisi Church | 10000 |
| 24 | Ottapalam | St. Joseph Forane Church | 10000 |
| 25 | Dhoni | St. James the Great Church | 8500 |
| 26 | Alathur | Little Flower Church | 7000 |
| 27 | Thathamangalam | St. Mary Church | 6500 |
| 28 | Kadapara | St. Mary Church | 6000 |
| 29 | Malampuzha | St. Jude Church | 6000 |
| 30 | Neethipuram | St. Joseph Church | 6000 |
| 31 | Irumpakachola | St. Sebastian Church | 5700 |
| 32 | Chittilancherry | Japamala Rani Church | 5000 |
| 33 | Salem | St. Mary's Church | 5000 |

| | | | |
|---|---|---|---|
| 34 | Thiruvizhamkunnu | Sacred Heart Church | 4490 |
| 35 | Chittadi (Mary Land) | St. Joseph Church | 4400 |
| 36 | Alanallur | St. Joseph Church | 4241 |
| 37 | Palappuram | St. Mary Church | 3500 |
| 38 | Vachanagiri | St. George Church | 3500 |
| 39 | Kanjirapuzha Dam | St. Joseph's Church | 2950 |
| 40 | Njarakode | St .Sebastian Church | 2200 |
| 41 | Josegiri | St. Joseph Church | 2000 |
| 42 | Kalla | St. Paul Church | 2000 |
| 43 | Pazhambalakode | Santhi Natha Church | 2000 |
| 44 | Akamalavaram | St. Sebastian's Church | 2000 |
| 45 | Anakkal | St. Joseph's Church | 2000 |
| 46 | Malayakam | St. Mary Church | 1000 |
| 47 | Panamkutty | Christ the King Church | 1000 |
| 48 | Valuparambu | Divyakarunnya Church | 1000 |
| 49 | Valkulambu | St. Antony's Church | 1000 |
| 50 | Walayar | St. Antony Church | 1000 |

## CONVENTS

| | | | |
|---|---|---|---|
| 1 | Arogypuram | Arogyamatha Convent | 250 |
| 2 | Palakkad | Kanikkamatha Convent | 1000 |
| 3 | Palakkad | Jayamatha Convent | 1000 |
| 4 | Palakkad | Mercy Collage | 5000 |
| 5 | Palakkad | Mr. Paily Master | 500 |
| 6 | Thathamangalam | Snehagiri Convent | 500 |
| 7 | Thathamangalam | Nazarath Convent | 200 |
| 8 | Thathamangalam | St. Francis Convent | 500 |
| 9 | Kalladikode | Samaritan Sisters | 1000 |
| 10 | Valliyode | St. Joseph Convent | 2000 |
| 11 | Elavampadam | St. Agnes Convent | 350 |
| 12 | MangalamDam | St. Peters Convent | 500 |
| 13 | Palakkad | SanjoConvent | 200 |
| 14 | Nenmmara | St. Reetha's Convemt | 200 |
| 15 | Thachampara | Charity Convent | 150 |
| 16 | Mangalam Dam | San Joe Convent | 300 |
| 17 | Mangalam Dam | St. John's Convent | 250 |





| | | | |
|---|---|---|---|
| 18 | Pattambi | St. Paul's Convent | 250 |
| 19 | Palakkad | Seraphic Convent | 3000 |
| 20 | Thrithwamala | Assisi Nilayam | 150 |
| 21 | Pattambi | St. Paul's English Mediium School | 1000 |
| 22 | Goolikadavu | Nazarath Bhavan | 500 |
| 23 | Alathur | Holy Family Convent | 300 |
| 24 | Polpully | Seraphic Novitiate House | 300 |
| 25 | Kinaessery | Rosary Convent | 200 |
| 26 | Ottappalam | St. Joseph Convent | 200 |
| 27 | Ottappalam | St. Joseph English Medium School | 300 |
| 28 | Palakkad | Mercy Convent | 5000 |

## Flood Relief Fund - 2013

| | | |
|---|---|---|
| 1 | Good Shepherd Church, Kanjikode | 12000.00 |
| 2 | St. Paul's Church, Pattambi | 10000.00 |
| 3 | St. Joseph's Forane Church, Ottappalam | 8000.00 |
| 4 | Holy Trinity Forane Church, Thavalam | 7000.00 |
| 5 | St. Ignatius Church, Koonathara | 5000.00 |
| 6 | St. Joseph's Church, Neethipuram | 5000.00 |
| 7 | Sacred Heart Church, Rajagiri | 5000.00 |
| 8 | Nithyasahayamatha Church, Palakkad Town | 3500.00 |
| 9 | St. Mary's Church, Arogyapuram | 3500.00 |
| 10 | St. Thomas Church, Elavampadam | 3000.00 |
| 11 | Holy Cross Church, Pulapatta | 3000.00 |
| 12 | St. Paul's Church, Kalla | 2500.00 |
| 13 | St. Mary's Church Mariyanagar, Malampuzha | 2000.00 |
| 14 | St. Mary's Church, Palappuram | 2000.00 |
| 15 | St.Antony's Church, Pombra | 2000.00 |
| 16 | St. Joseph's Church, Kollamkode | 1000.00 |
| 17 | St. Antony's Church, Paruthikkad | 610.00 |
| 18 | Infant Jesus Church, Vayaloor | 500.00 |
| 19 | St. Sebastian's Church, Njarakode | 500.00 |
| 20 | Infant Jesus Church, Unnimala | 500.00 |
| 21 | St. George's Church, Puliyara | 500.00 |
| 22 | St. Sebastian's Church, Kuruvampady | 500.00 |
| 23 | St. Antony's Church, Kozhinjampara | 250.00 |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Dec-13 | MON | Rev. Fr. Kannampadathil Johnson |
| 3-Dec-13 | TUE | Rev. Fr. Kannampuzha C. Jose |
| 4-Dec-13 | WED | Rev. Fr. Karikkattil Ceejo |
| 5-Dec-13 | THU | Rev.Fr. Keettikkal Anto |
| 6-Dec-13 | FRI | Rev. Fr. Kizhakkedath Roy |
| 7-Dec-13 | SAT | Rev. Fr. Kizhakkedath Thom |
| 9-Dec-13 | MON | Rev. Fr. Kochuparambil Jose |
| 10-Dec-13 | TUE | Rev. Fr. Kochupurackal Peter |
| 11-Dec-13 | WED | Rev. Fr. Kodakasseril Jomis |
| 12-Dec-13 | THU | Rev. Fr. Kolamkanny Justin |
| 13-Dec-13 | FRI | Rev. Fr. Kollannur Jaison |
| 14-Dec-13 | SAT | Rev.Fr. Kozhipadan Tony |
| 16-Dec-13 | MON | Rev. Fr. Kulampallil Thomas |
| 17-Dec-13 | TUE | Rev. Fr. Kulampil Jose |
| 18-Dec-13 | WED | Rev. Fr. Kulampil Abin |
| 19-Dec-13 | THU | Rev. Fr. Kunthaniyil Varghese |
| 20-Dec-13 | FRI | Rev. Fr. Kuruthukulngara Peter |
| 21-Dec-13 | SAT | Rev. Fr. Kuttikadan Aljo |
| 23-Dec-13 | MON | Rev. Fr. Kuttipuzhakaran Sanil |
| 27-Dec-13 | FRI | Rev. Fr. Malekudiyil Sherjo |
| 28-Dec-13 | SAT | Rev. Fr. Maliekal George |
| 30-Dec-13 | MON | Rev. Fr. Mangalan Sebastian |
| 31-Dec-13 | TUE | Rev. Fr. Maramattam Xavier |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപകദിനം 2013**

ഒക്ടോബർ രണ്ടാം തീയതി മതാദ്ധ്യാപക ദിനം രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മണ്ണാർക്കാട് ഫൊറോന വികാരി വെരി. റവ. ഡോ. അബ്രഹാം പാലത്തിങ്കൽ മതാദ്ധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്തു.'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' എന്ന വിഷയത്തെ ആസ്പദമാക്കി മംഗലപ്പുഴ സെമിനാരി പ്രൊഫ. റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ മതബോധനകൗൺസിൽ സെക്രട്ടറി ശ്രീ. ഫ്രാങ്കോ കൊള്ളന്നൂർ നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവും രൂപത മതബോധന ഡയറക്ടറും ഫൊറോന ഡയറക്ടേഴ്സും ചേർന്ന് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യപിതാവ് ദിവ്യബലി മദ്ധ്യേ മതാദ്ധ്യാപകർക്ക് സന്ദേശം നൽകുകയും സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. രൂപതാ മതബോധന അസി. ഡയറക്ടർ റവ. ഫാ. ജോമി തേക്കുംകാട്ടിൽ സ്വാഗതം ആശംസിക്കുകയും രൂപതാമതബോധന കൗൺസിൽ അംഗം ശ്രീമതി സെലിൻ ടോം നന്ദി അർപ്പിക്കുകയും ചെയ്തു.

35, 25, 15 വർഷങ്ങൾ പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് സമാപനസമ്മേളനത്തിൽ വച്ച് ഉപഹാരങ്ങൾ നൽകി ആദരിച്ചു. 2012-13ലെ സ്കൊളാസ്റ്റിക് ടെസ്റ്റിലെ രൂപത, ഫൊറോന വിജയികൾക്കും 2013 ൽ മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സര വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കവിതാരചനയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ശ്രീ. പി.എം. സേവ്യർ കവിതാ പാരായണം നടത്തി. രൂപതയിലെ എല്ലാ വൈദികർക്കും മതാദ്ധ്യാപകർക്കും അഭിവന്ദ്യ പിതാവിന്റെ ഉപഹാരം നൽകപ്പെട്ടു. പൗരോഹിത്യത്തിന്റെ ഗോൾഡൻ & സിൽവർ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ഉപഹാരം നൽകി ആദരിച്ചു. മതാദ്ധ്യാപക ദിനാഘോഷങ്ങൾ മനോഹരമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്കും,രൂപതാ കൗൺസിൽ അംഗങ്ങൾക്കും വിവിധ കമ്മിറ്റിയിൽ പ്രവർത്തിച്ചവർക്കും, പ്രധാനാദ്ധ്യാപകർക്കും, എല്ലാ മതാദ്ധ്യാപകർക്കും കലാവിരുന്നൊരുക്കിയ മണ്ണാർക്കാട് ഫൊറോനയ്ക്കും രംഗപൂജ അവതരിപ്പിച്ച താവളം ഫൊറോനയ്ക്കും ദൈവാലയ സംഗീതവും പാപ്പഗാനവും ആലപിച്ച കാഞ്ഞിരപ്പുഴ ഫൊറോനയ്ക്കും ആത്മാർത്ഥമായി നന്ദി പറയുന്നു. മതാദ്ധ്യാപകദിനാഘോഷത്തിൽ 1200 അദ്ധ്യാപകർ പങ്കെടുത്തു.

**രണ്ടാം മിഡ്ടേം പരീക്ഷ**

സൺഡേസ്കൂൾ കുട്ടികളുടെ രണ്ടാം മിഡ്ടേം പരീക്ഷ ഡിസംബർ 1-ാം തിയതി ഞായറാഴ്ച നടക്കുന്നു. **അതാത് ക്ലാസ്സിലേക്കുള്ള പഠനഭാഗങ്ങൾ കലണ്ടറിൽ നോക്കി ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.**

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 21-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 10 മണിമുതൽ 12.30വരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ-2013**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **നവം. 10** | **ഞായർ** | **9.30am to 4.00pm** | **മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **നവം. 24** | **ഞായർ** | **9.30am to 4.00pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| ഫെബ്രു. 16 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ് ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും, ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**ii. സമ്മാനങ്ങൾ**

മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപ വീതം സമ്മാനങ്ങൾ നൽകുന്നതാണ്.

കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.

60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരവും ഒരുങ്ങുന്നു.

**iii. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ. രണ്ടുതരത്തിലുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടായിരിക്കുക. ആദ്യ ഇനത്തിൽ 100 ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽനിന്ന് തിരഞ്ഞെടുക്കാനും രണ്ടാമത്തേ ഇനത്തിൽ 3 ചോദ്യങ്ങൾക്ക് രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും. ചോദ്യപേപ്പറിനൊപ്പം നൽകപ്പെടുന്ന ഉത്തരകടലാസിൽ ശരിയുത്തരം കളർ ചെയ്യുകയാണ് വേണ്ടത് (ലോഗോസ് ക്വിസിന് സമാനമായരീതിയിൽ). ബ്രായ്ക്കറ്റിൽനിന്ന് തിരഞ്ഞെടുത്തെഴുതാനുള്ളവയിൽ ഓരോചോദ്യത്തിനും ഒന്നിൽകൂടുതൽ ഉത്തരങ്ങൾ കളർ ചെയ്താൽ ഓരോ മൈനസ് മാർക്ക് എന്നരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

**iv. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ മതബോധനയൂണിറ്റുകളിലും നവംബർ 9 രണ്ടാം ശനിയാഴ്ച 10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക

**v. പരീക്ഷാ നിർദ്ദേശങ്ങൾ**

- പരീക്ഷ എഴുതുന്നവരെല്ലാം, അവർ രജിസ്റ്റർ ചെയ്തപ്പോൾ ലഭിച്ച പുസ്തകത്തിന്റെ അവസാനപേജിലുള്ള ഹാൾടിക്കറ്റ് ഉറപ്പായും കൊണ്ടു വരുകയും അതിൽ കൊടുത്തിരിക്കുന്ന പ്രകാരം തന്നെ പേര്, രജിസ്റ്റർ നമ്പർ, പാരീഷ് കോഡ്, പ്രായവിഭാഗം എന്നിവ ഉത്തരക്കടലാസിലേക്ക് പകർത്തിവേണം പരീക്ഷ ആരംഭിക്കേണ്ടത്.
- മത്സരപരീക്ഷയ്ക്കായി വിശ്വാസപരിശീലനവേദി ഓരോ ഇടവകയി ലേക്കും നൽകുന്ന ചോദ്യക്കടലാസിന്റെ കവറിൽ രേഖപ്പെടുത്തിയിരി ക്കുന്ന പാരീഷ് കോഡ് പരീക്ഷാർത്ഥികൾ നിർബന്ധമായും അവർക്കു ലഭിക്കുന്ന ഉത്തരക്കടലാസിൽ പാരീഷ് കോഡ് എഴുതാൻ നൽകപ്പെട്ടി രിക്കുന്നിടത്ത് നിർബന്ധമായും എഴുതേണ്ടതാണ്.
- പ്രധാനാദ്ധ്യാപകൻ മേൽപറഞ്ഞ കാര്യങ്ങൾ കൃത്യമാണോയെന്ന് നോക്കി യതിനുശേഷം വേണം ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിലെ ത്തിക്കാൻ
- ഉത്തരക്കടലാസുകൾ പ്രായവിഭാഗത്തിനനുസരിച്ച് (A, B, C) മൂന്നായി തിരിക്കുകയും രജിസ്റ്റർ നമ്പറിന്റെ ക്രമമനുസരിച്ച് അടുക്കി നവംബർ 11 തിങ്കളാഴ്ചത്തന്നെ മതബോധനകേന്ദ്രത്തിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.
- രജിസ്റ്റർ നമ്പറും പാരീഷ് കോഡും എഴുതാതിരിക്കുക, തെറ്റി എഴുതുക തുടങ്ങിയവ കാണപ്പെടുന്ന ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നട ത്തുന്നതല്ല.
- ഗ്രൂപ്പുമാറി മത്സരത്തിൽ പങ്കെടുത്തവരുടെ മാർക്ക് ഏതെങ്കിലും സമ്മാ നത്തിന് പരിഗണിക്കുന്നതല്ല.

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടി ല്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധി ക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാ സികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തി





ക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാന ങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രച നകൾ എഴുതാം.

**SMCC അവാർഡ്**

**രൂപതാതല ശിൽപശാല:** രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയ ക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 16-ാം തിയ്യതി വെകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 17-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.

**സഭാതല ശിൽപശാല:** SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമ സിൽ വെച്ച് നടക്കുന്നു.

**കുട്ടികളുടെ ചെറുകഥാ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി നവം ബർ 3-ാം തിയ്യതി ചെറുകഥാ മത്സരം സംഘടിപ്പിച്ചിരിക്കുന്നു. 5 മുതൽ 12 വരെയുള്ള കുട്ടികളെ 3 സെക്ഷനായിതിരിച്ചായിരിക്കും (UP, HS, HSS) മത്സ രങ്ങൾ നടക്കുക. അതാത് സെന്ററുകളിൽ നടത്തുന്ന മത്സര രചനകൾ അവിടെ തന്നെ പരിശോധിച്ച്, ഓരോ സെക്ഷനിൽനിന്നും (UP, HS, HSS) ഏറ്റവും മികച്ച രണ്ട് രചനകൾ മാത്രം(70% എങ്കിലും മാർക്കുള്ളവ) തിര ഞ്ഞെടുക്കുകയും നവംബർ 10ന് മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ. മത്സര സമയം ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞ യുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2014 മെയ് 24-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാ ണ്.

**മതബോധന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ചെറുകഥാമ ത്സരം നടക്കുന്നത്. യുക്തമായ ശീർഷകം നൽകാവുന്നതാണ്.**

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 26-ാം

തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കു കൂടി പരിഗണിക്കുന്നതാണ്.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2014 മാർച്ച് 2-ാം തീയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

മതബോധനകേന്ദ്രത്തിൽനിന്നും പ്രസിദ്ധീകരിച്ച വത്തിക്കാൻ കിസ് (4 കോൺസ്റ്റിറ്റ്യൂഷൻസ്) 75 മാർക്ക്
മാതാപിതാക്കളും വിശ്വാസപരിശീലനവും 15 മാർക്ക്
സഭാസംബന്ധമായ പൊതുവിജ്ഞാനം 10 മാർക്ക്
ആകെ - 100 മാർക്ക്

ഈപ്രാവശ്യം സെമിനാർ ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

റെഗുലർ സ്കൂൾ **അർദ്ധ വാർഷിക പരീക്ഷ** ഡിസംബർ 29-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നു.

X, XI, XII ക്ലാസ്സുകാരുടെ **വാർഷിക പരീക്ഷ** 2013 ജനുവരി 10-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

**2013-14 മതബോധന പിരിവ്**

ഈ വർഷത്തെ മതബോധനദിനം ജൂൺ 2ന് ആയിരുന്നല്ലോ. മതബോധനദിനത്തെ കളക്ഷൻ നവംബർ 26,27,28 തിയ്യതികളിൽ യുവക്ഷേത്രയിൽ വെച്ച് നടക്കുന്ന വൈദീകരുടെ തുടർപരിശീലന പരിപാടി മദ്ധ്യേ മതബോധന ഡയറക്ടറെ ഏല്പ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ക്വിസ് 2013 - സൺഡേസ്കൂൾ സമ്മാനങ്ങൾ**

ലോഗോസിന് 1 മുതൽ 5 വരെയുള്ള സ്ഥാനങ്ങൾക്കുശേഷം 60% മോ അതിൽ അധികമോ മാർക്കുവാങ്ങിയവരെയാണ് സമ്മാനത്തിനായി പരിഗണിച്ചിരിക്കുന്നത്.





XII

Ist - ആഷ്ലി ജോയ്, മംഗലം ഡാം
IInd - അർച്ചന ജോസഫ്, കൊഴിഞ്ഞാംപാറ
IIIrd - മരിയ തോമസ്, ചീനിക്കപ്പാറ

**100 ശതമാനം പേർ പരീക്ഷ എഴുതിയ സൺഡേസ്ക്കൂളുകൾ**

1. ക്രിസ്തുരാജാ ചർച്ച്, കണ്ടമംഗലം
2. ഹോളി ക്രോസ് ചർച്ച്, പാടൂർ
3. ഇൻഫൻന്റ് ജീസസ് ചർച്ച്, ഉണ്ണിമല
4. സേക്രഡ് ഹാർട്ട് ചർച്ച്, തിരുവിഴാംകുന്ന്
5. സെന്റ് ആന്റണീസ് ചർച്ച്, ഷോളയൂർ
6. സെന്റ് ബർണ്ണദീത്താ ചർച്ച്, വട്ടപ്പാറ
7. സെന്റ് ജോർജ്ജ് ചർച്ച്, വചനഗിരി
8. സെന്റ് ജോസഫ്സ് ചർച്ച്, ജോസ്ഗിരി
9. സെന്റ് ജോസഫ്സ് ചർച്ച്, കൊല്ലംകോട്
10. സെന്റ് ജൂഡ് ചർച്ച്, ഓടംതോട്
11. സെന്റ് മേരീസ് ചർച്ച്, കരിംകയം
12. സെന്റ് തോമസ് ചർച്ച്, ചീനിക്കപ്പാറ
13. സെന്റ് ജോസഫ്സ് ചർച്ച്, അലനല്ലൂർ
14. സെന്റ് ജോസഫ്സ് ചർച്ച്, കാഞ്ഞിരപ്പുഴ ഡാം
15. സെന്റ് ജോസഫ്സ് ചർച്ച്, മേരിലാന്റ് ചിറ്റടി
16. സെന്റ് ജോസഫ്സ് ചർച്ച്, മെഴുകുംപാറ
17. ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, നെല്ലിയാംപതി

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

**ഇന്റർനെറ്റ് കാറ്റികിസം**

ഈ മാധ്യമയുഗത്തിൽ വഴിയും സത്യവും ജീവനും ആയ യേശുവിനെ പ്രഘോഷിക്കുന്നതിനായി രൂപതാവിശ്വാസപരിശീലനവേദി ഇന്റർനെറ്റ് കാറ്റികിസം എന്നപേരിൽ ഒരു കർമ്മപദ്ധതി ആരംഭിച്ചിരിക്കുന്നു. ഇതിനായി താല്പ്പര്യമുള്ളവർ ഫേസ്ബുക്കിൽ catechismpalghat എന്ന അക്കൗണ്ട് സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

blogspot: starspalghat.blogspot.in

നവംബർ മാസത്തിലെ സ്റ്റാർസ് എലൈറ്റ് ടീമിനുള്ള ഏകദിന പരിശീലന ക്ലാസ്സ് നവംബർ 16 ശനിയാഴ്ച നടക്കുന്നു. നിശ്ചിതക്ലാസ്സിൽ പങ്കെടുക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. കൂടാതെ സ്റ്റാർസിലെ കുട്ടികളുടെ ബയോഡാറ്റ ശേഖരിക്കുന്നു. അതിനാൽ ബയോഡാറ്റ അയക്കാത്ത കുട്ടികൾ ഉടൻ തന്നെ ഈമെയിൽ ഐഡി ഉണ്ടാക്കി ബയോഡാറ്റ അയക്കാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

## ബൈബിൾ അപ്പോസ്തലേറ്റ്

blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2013**

ലോഗോസ് ക്വിസിന്റെ വിജയത്തിനായ് സഹകരിച്ച എല്ലാ ബഹു. വൈദികർക്കും മതാദ്ധ്യാപകർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു. പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിച്ച എല്ലാവർക്കും നന്ദി. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ!!

രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30, ഡിസംബർ 1 തിയ്യതികളിലായിരിക്കും നടക്കുക. നവംബർ 30ന് 50 ചോദ്യങ്ങളടങ്ങുന്ന ആദ്യഘട്ട എഴുത്തുപരീ





ക്ഷയിൽ ഓരോ ഗ്രൂപ്പിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 10 പേർ വീതം ഫൈനൽ റൗണ്ടിലേക്ക് (ഗ്രാന്റ് ഫിനാലെ) തിരഞ്ഞെടുക്കപ്പെടുന്നു. ലോഗോസ് പ്രതിഭ ഒഴികെയുള്ള സമ്മാനങ്ങളെല്ലാം നവംബർ 30 വൈകിട്ടുതന്നെ നൽകപ്പെടുന്നതാണ്. ഗ്രാന്റ് ഫിനാലെ ഡിസംബർ 1ന് നടത്തപ്പെടും. ഇത് ടെലിക്വിസ് രീതിയിലായിരിക്കും നടത്തപ്പെടുക. തുടർന്ന് പ്രതിഭകൾക്കുള്ള സമ്മാനവും നൽകപ്പെടും.

**NB:** ലോഗോസ് ക്വിസ് 2013 ന്റെ രൂപതാതല റിസൾട്ട് ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്നതാണ്.

**ലോഗോസ് ക്വിസ് 2013 റാങ്ക് ജേതാക്കൾ**

| | | | |
|---|---|---|---|
| **A വിഭാഗം** | | | |
| 1-ാം റാങ്ക് | സോന ബാബു | ഓടംന്തോട് | 70 |
| 2-ാം റാങ്ക് | അലീന സിബി | ചീനിക്കപ്പാറ | 68 |
| 3-ാം റാങ്ക് | നിഖിൽ റോയ് | എടത്തനാട്ടുക്കര | 63 |
| **B വിഭാഗം** | | | |
| 1-ാം റാങ്ക് | അതുൽ സാവി | തിരുവിഴാംകുന്ന് | 89 |
| 2-ാം റാങ്ക് | റിനി സൈമൺ | വടക്കഞ്ചേരി | 81 |
| 3-ാം റാങ്ക് | സോഫി സുനിൽ | പൂഞ്ചോല | 78 |
| **C വിഭാഗം** | | | |
| 1-ാം റാങ്ക് | സി. രഞ്ജുക്ത | ചിറ്റിലഞ്ചേരി | 96 |
| 2-ാം റാങ്ക് | സി.സരിത | ചിറ്റിലഞ്ചേരി | 95 |
| 3-ാം റാങ്ക് | റോസ് സ്വീറ്റി | ടൗൺ ചർച്ച് | 92 |
| **D വിഭാഗം** | | | |
| 1-ാം റാങ്ക് | സോണിയ | ചിറ്റൂർ | 98 |
| 2-ാം റാങ്ക് | സി. ക്ലെയർ | ചിറ്റിലഞ്ചേരി | 96 |
| 3-ാം റാങ്ക് | സാലി തോമസ് | തിരുവിഴാംകുന്ന് | 95 |
| **E വിഭാഗം** | | | |
| 1-ാം റാങ്ക് | ലൈല ജോൺ | കല്ലേപ്പുള്ളി | 86 |
| 2-ാം റാങ്ക് | ജോൺ കെ വി | എടത്തനാട്ടുക്കര | 85 |
| 3-ാം റാങ്ക് | ആനീസ് അഗസ്റ്റിൻ | പാലപ്പുറം | 79 |
| **F വിഭാഗം** | | | |
| 1-ാം റാങ്ക് | സി. ഫിംബർ C.M.C. | മേഴ്സി കോളേജ് | 85 |
| 2-ാം റാങ്ക് | സി.ഡയോഗ്രേഷ്യസ്CHF | വടക്കഞ്ചേരി | 73 |
| 3-ാം റാങ്ക് | ലീലാമ്മ മാത്യൂ | ചീനിക്കിപ്പാറ | 70 |

**(60%മോ അതിലധികമോ മാർക്കു ലഭിച്ചവരെയാണ് 4, 5 സ്ഥാനങ്ങൾക്കായി പരിഗണിച്ചിരിക്കുന്നത്)**

## 4–ാം സ്ഥാനം

**A വിഭാഗം**

1. നിയാ ജിമ്മി — കണ്ണമ്പ്ര

**B വിഭാഗം**

1 ലിജി ജോർജ് — കത്തീഡ്രൽ
2. ഏൻജലീന അബ്രാഹം — പുലാപ്പറ്റ
3. അജിൻ ബാബു — കാരാപ്പാടം
4. ഏൻജലീന അബ്രാഹം — കൊഴിഞ്ഞാമ്പാറ
5. അശ്വിൻ — കാഞ്ഞിരപ്പുഴ
6. സെബാസ്റ്റ്യൻ അലക്സ് — മരിയനഗർ, ചിറ്റടി
7. മെറീന സണ്ണി — കഞ്ചിക്കോട്

**C വിഭാഗം**

1. സംഗീത സജീവ് — വടക്കഞ്ചേരി
2. ജെഷിൻ സി — കൊഴിഞ്ഞാമ്പാറ
3. പ്രതിമ — ചിറ്റിലഞ്ചേരി
4. സി. രഞ്ചിത — ചിറ്റിലഞ്ചേരി
5. സി.സംഗീത — ചിറ്റിലഞ്ചേരി
6. ജോൺസി വി. ജോയ് — ചിറ്റൂർ, പാലക്കാട്
7. പോസ്റ്റ് രേഷ്മ കെ — വിമൽ റാണി അഡോറേഷൻ

**D വിഭാഗം**

1. ആശ ഡെന്നി — പരുത്തിക്കാട്
2. സി. ലിസറ്റ് — കോട്ടത്തറ
3. സോണിയ ജോസഫ് — കോട്ടായി
4. സാലി ജോൺ — ആരോഗ്യപുരം
5. ലൈല സണ്ണി — പൊൻകണ്ടം
6. ബീന ചാക്കോ — കയറാടി
7. സി. ലിഖിത — കാഞ്ഞിരപ്പുഴ

**E വിഭാഗം**

1. ലില്ലി അലക്സ് — എടത്തനാട്ടുകര
2. മോളി ജോൺ — പൂഞ്ചോല
3. ഗ്രേയ്സ് സി എസ് എസ് — ചീനിക്കപ്പാറ
4. റോസിലി മാത്യൂ — കാരറ
5. ഏലിയാമ്മ സെബാസ്റ്റ്യൻ — ചിറ്റൂർ, പാലക്കാട്
6. മേരി ജോൺ — ഒറ്റപ്പാലം
7. സി.പ്രഭ — മരിയൻ പ്രൊവിൻഷ്യൽ ഹൗസ്

**F വിഭാഗം**

1. മേഴ്സി തോമസ് — ചീനിക്കപ്പാറ





2. സി. നീന — കൊഴിഞ്ഞാമ്പാറ

## 5–ാം സ്ഥാനം

**A വിഭാഗം** : NIL

**B വിഭാഗം**

1 അനസ്റ്റി റോസ്സ് ലാൽ — ഇരുമ്പകചോല
2. നമിത ജോർജ് — മംഗലം ഡാം
3. ആൻജലിൻ ജോജി — തച്ചനടി
4. മിനിമോൾ ടോമി — കാഞ്ഞിരപ്പുഴ
5. ആൻമേരി ടോം — കാഞ്ഞിരപ്പുഴ
6. ബ്ര. സാൻജോ — കല്ലേപ്പുള്ളി സെമിനാരി
7. അനൂപ് പി. ജോൺസൺ — മരിയനഗർ, ചിറ്റടി
8. അൽഫോൻസാ കുര്യൻ — ചീനിക്കപാപറ
9. അനൂപ് — കാരാപ്പാടം
10. അനുജ — ചിറ്റിലഞ്ചേരി
11. ബ്ര. മെൽജോ — കല്ലേപ്പുള്ളി സെമിനാരി
12. ബ്ര. ഡെറിക്സൺ — കല്ലേപ്പുള്ളി സെമിനാരി
13. ആൽഫിൻ — മരിയനഗർ, ചിറ്റടി

**C വിഭാഗം**

1. ജെൻസി പി. ജോൺ — കാരറ
2. സി. ഗീതി റോസ് — കൊല്ലംങ്കോട്
3. ടിൻസി ടോമി — പുലാപ്പറ്റ
4. സി. മരിയ ഹയാസിന്ദ് — പന്തലാംപ്പാടം
5. ക്രിസ്റ്റി ബി. സിറിയക് — ആരോഗ്യപുരം
6. വിപിൻ കെ. — കൊഴിഞ്ഞാമ്പാറ
7. ജിൻസി ആന്റണി — കരിമ്പ
8. നിമിഷ ജോർജ് — മണ്ണാർക്കാട്
9. സാന്ദ്ര മരിയ — ഷൊർണ്ണൂർ
10. സി. അന്നാ മരിയ — സെറാഫിക്ക് ഹൗസ്
11. ഗീതിക — ചിറ്റിലഞ്ചേരി
12 ബ്ര. അബിഷേക് — കല്ലേപ്പുള്ളി സെമിനാരി
13. ടീന ടെസിൽ — മംഗലം ഡാം
14. ബ്ര. ഓസ്റ്റിൻ — കല്ലേപ്പുള്ളി സെമിനാരി
15. ബ്ര. സന്തോഷ് — കല്ലേപ്പുള്ളി സെമിനാരി

**D വിഭാഗം**

1. സി. സോണിയ ജോസ് CHF — വടക്കഞ്ചേരി
2. അൽഫോൻസ — പാലക്കയം
3. റെജി ജോൺ — പൂഞ്ചോല

4. സി. പാവന ഫ്രാൻസിസ് FSSH വടക്കഞ്ചേരി
5. മേരിക്കുട്ടി ജോസഫ് പൂഞ്ചോല
6. ലിസി ജേക്കബ് എടത്തനാട്ടുക്കര
7. മിനിജോസഫ് ഒലിപ്പാറ
8. മിനി തോമസ് മണ്ണാർക്കാട്
9. ത്രേസ്യാമ്മ ജോസഫ് അലനല്ലൂർ
10. സി.ഷെറിൻ ഒ. പി. മെഴുകുംപാറ
11. സി. ജെസ്സി F.C.C സെറാഫിക്ക് ഹൗസ്
12. സിനി ടോമി കാഞ്ഞിരപ്പുഴ
13. ദീപ സജു രാജഗിരി
14. സി. റൂബി F.C.C മംഗലം ഡാം
15. സി.ഹെൽന DDDP പുലാപ്പറ്റ

**E വിഭാഗം**

1. ഫ്രാൻസിസ് വി. കല്ലേപ്പുള്ളി
2. ലില്ലിക്കുട്ടി വലിപ്ലാക്കൽ പാലക്കുഴി
3. സി. ആൻസിറ്റ FCC ഒറ്റപ്പാലം
4. ആനീസ് ഇളവംപാടം
5. സി. എൽസ DST ഒലിപ്പാറ
6. ആനി ജോർജ്ജ് കല്ലേപ്പുള്ളി
7. സെലിൻ സെബാസ്റ്റ്യൻ ചിറ്റിലഞ്ചേരി
8. ലിസ്സി ജോസഫ് തച്ചനടി
9. സി.സുമ CMC കടമ്പഴിപ്പുറം
10. ലൂസി കരിമ്പ
11. ജേക്കബ് ജോർജ് ചന്ദ്രനഗർ
12. സെലിൻ വചനഗിരി
13. മേരിക്കുട്ടി ഫിലിപ്പ് സെന്റ് ജൂഡ് മലമ്പുഴ
14. ചിന്നമ്മജെയിംസ് കടമ്പഴിപ്പുറം
15. ഗ്രേയ്സ് ജോണി വടക്കഞ്ചേരി

**F വിഭാഗം :** NIL

**കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത് ഇടവകകൾ**

1. വടക്കഞ്ചേരി 723
2. പാലക്കാട് 385
3. കഞ്ചിക്കോട് 347

**ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ**

1. കൊഴിഞ്ഞാമ്പാറ 84.37%
2. സെന്റ് ജൂഡ് മലമ്പുഴ 63.41%
3. കൊടുന്തിരപ്പിള്ളി 59.76%





## ലോഗോസ് ക്വിസ് 2013 (Answer Key) A GROUP

| | | |
|---|---|---|
| 1 | B | |
| 2 | D | (3:16) |
| 3 | A | (6:16) |
| 4 | D | (6:1-5) |
| 5 | D | (2:16) |
| 6 | C | |
| 7 | B | (10:10) |
| 8 | B | (6:9-13) |
| 9 | A | (1:3) |
| 10 | B | (8:11-12) |
| 11 | B | (14:3) |
| 12 | C | (8:29) |
| 13 | D | (11:3) |
| 14 | A | (9:21) |
| 15 | C | (7:18) |
| 16 | A | (8:33) |
| 17 | A | (6:15) |
| 18 | C | Laghupadanam Page 3 |
| 19 | A | (8:23) |
| 20 | A | (1:14) |
| 21 | D | (3:1) |
| 22 | A | (2:10) |
| 23 | B | (4:13-15) |
| 24 | D | (13;59) |
| 25 | C | (6:27) |
| 26 | C | (9:2) |
| 27 | B | (10:8-9) |
| 28 | C | (4:12 ) |
| 29 | C | ( 2:12) |
| 30 | C | ( 1:17C) |
| 31 | B | ( 4:5) |
| 32 | C | (11:38) |
| 33 | A | L.padanam P. 7 |

| | | |
|---|---|---|
| 34 | A | (14:10 ) |
| 35 | B | L.padanam P. 8 |
| 36 | B | (9:18) |
| 37 | B | (8:36) |
| 38 | C | (6:14) |
| 39 | A | (5:16) |
| 40 | C | (8:15,19) |
| 41 | C | (Lk. 2:32) |
| 42 | A | (5:15) |
| 43 | C | (2:4,5,11) |
| 44 | D | (6:8) |
| 45 | A | (1:15) |
| 46 | C | (2:2) |
| 47 | D | (2:40) |
| 48 | D | (10:27) |
| 49 | D | (3:36) |
| 50 | D | (6:36) |
| 51 | A | (2:22) |
| 52 | B | (2:40) |
| 53 | B | (7:5) |
| 54 | D | (6:47-48) |
| 55 | A | (7:9) |
| 56 | C | (1;15) |
| 57 | A | (2:52) |
| 58 | D | (1:40) |
| 59 | A | (3:38) |
| 60 | D | (11:5) |
| 61 | C | (7:4) |
| 62 | C | |
| 63 | D | (7:47) |
| 64 | B | (8:25) |
| 65 | C | (9:45) |
| 66 | B | (11:44) |
| 67 | B | (Cf. 8:42,43; 9:17) |

| | | |
|---|---|---|
| 68 | D | (8:40) |
| 69 | A | (10:39) |
| 70 | D | (2:15) |
| 71 | D | (2:26) |
| 72 | D | (3:14) |
| 73 | D | (3:7) |
| 74 | D | (4:27) |
| 75 | C | (4:32) |
| 76 | A | (6:12) |
| 77 | A | (7:37-38) |
| 78 | A | (8:39) |
| 79 | B | (9:62) |
| 80 | B | (10:2) |
| 81 | D | L. padanam P. 19 |
| 82 | D | (1Jn. 3:2) |
| 83 | B | (2:4) |
| 84 | A | (2:25) |
| 85 | B | (3:24) |
| 86 | D | (3:12) |
| 87 | A | (4:8.16) |
| 88 | D | |
| 89 | D | (2:27) |
| 90 | B | (3:9) |
| 91 | B | (5:21) |
| 92 | D | (2:8 ) |
| 93 | B | (2:3) |
| 94 | B | (3:12) |
| 95 | D | (5:5) |
| 96 | B | (5:4) |
| 97 | A | (3:6) |
| 98 | B | (1:7) |
| 99 | A | (5:20) |
| 100 | D | (3:3) |

## ലോഗോസ് ക്വിസ് 2013 (Answer Key) B - F GROUP

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | B | (2:12) | 35 | B | (10:19) | 69 | A | (1:42,11:27) |
| 2 | D | (6:12,13) | 36 | B | (8:12) | 70 | D | (9:18) |
| 3 | A | L. padanam P. 3 | 37 | B | (9:8) | 71 | D | (2:49) |
| 4 | D | (1:17 C) | 38 | C | (7:13) | 72 | D | (12:21) |
| 5 | D | (6:14) | 39 | A | (8:8 ) | 73 | D | (10:13) |
| 6 | C | (11:3) | 40 | C | (10:11) | 74 | D | (5:30,33) |
| 7 | B | (4:13-15) | 41 | C | (LK. 2:32) | 75 | C | (9:25) |
| 8 | B | (5:16) | 42 | A | (5:15) | 76 | A | (7:38) |
| 9 | A | (4:32) | 43 | C | (2:4,5,11) | 77 | A | (9:34) |
| 10 | B | (7:18) | 44 | D | (6:8) | 78 | A | (9:43) |
| 11 | B | (8-10) | 45 | A | (1:15) | 79 | B | (7:16) |
| 12 | C | (6:18) | 46 | C | POC Bible Appendix | 80 | B | (10:22) |
| 13 | D | (5:4) | 47 | D | (2:40) | 81 | D | (1Jn 1:1-2) |
| 14 | A | (3:1) | 48 | D | (10:27) | 82 | D | (3:2) |
| 15 | C | (3:16) | 49 | D | (3:36) | 83 | B | (2:15) |
| 16 | A | (6:1-5) | 50 | D | (6:36) | 84 | A | (3:6) |
| 17 | A | (8:29) | 51 | A | (2:22-24) | 85 | B | L.padanam P.19 |
| 18 | C | (12:6) | 52 | B | (5:26) | 86 | D | (2:1,12,28,3:7,18,4:4,5:21) |
| 19 | A | (6:27) | 53 | B | (7:3) | 87 | A | (3:2) |
| 20 | A | (14:3) | 54 | D | (6:47-48) | 88 | D | (5:4) |
| 21 | D | (8:31) | 55 | A | (7:9) | 89 | D | (2:4) |
| 22 | A | L. padanam P. 7 | 56 | C | (1:15) | 90 | B | (2:25) |
| 23 | B | (1:13,1:17) | 57 | A | (4:14) | 91 | B | (1:7) |
| 24 | D | (1:14) | 58 | D | (1:40) | 92 | D | (5:21) |
| 25 | C | (4:23) | 59 | A | (6:3) | 93 | B | |
| 26 | C | (4:5) | 60 | D | (11:5) | 94 | B | (2:8) |
| 27 | B | (9:18) | 61 | C | (11:41) | 95 | D | (3:12) |
| 28 | C | (10:8-9) | 62 | C | (6:20-49) | 96 | B | (2:27) |
| 29 | C | (14:52) | 63 | D | (5:20) | 97 | A | (3:18) |
| 30 | C | (2:11) | 64 | B | (8:25) | 98 | B | (2:3) |
| 31 | B | (9:2 ) | 65 | C | (9:45) | 99 | A | (5:18) |
| 32 | C | L.padanam P. 8 | 66 | B | (11:43-44) | 100 | D | (5:20) |
| 33 | A | (8:15,19) | 67 | B | (5:32) | | | |
| 34 | A | (11:38) | 68 | D | (8:40) | | | |





**1.** a. ലേവ്യപ്പുസ്തകം അനേകം നിയമസംഹിതകളുടെ ഒരു സമാഹാരമാണ്.

b. ഇതിന്റെ ആരംഭം മോശയിൽനിന്നാകാം.

c. അനേക നൂറ്റാണ്ടുകളിലൂടെ, വ്യത്യസ്ത സാഹചര്യങ്ങളിൽ രൂപവത്കൃതങ്ങളും വാചികപാരമ്പര്യങ്ങളായി നിലനിന്നിരുന്നവയുമായ നിയമങ്ങൾ ഈ ഗ്രന്ഥത്തിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

d. ലേവ്യപ്പുസ്തകത്തിലെ നിയമസംഹിതയിൽ മരുഭൂമിയിലെ കൂടാരം, സോളമന്റെ ദേവാലയം, ജോസിയാരാജാവിന്റെ മതനവീകരണം, ബാബിലോൺപ്രവാസം, പുതിയ ദേവാലയത്തിലെ ശുശ്രൂഷകൾ എന്നിവയുടെയെല്ലാം സ്വാധീനം ദൃശ്യമാണ്.

e. ഈ ഗ്രന്ഥത്തിന്റെ രചനയിൽ, ബാബിലോണിൽ പ്രവാസികളായ ഇസ്രായേലിനോടു പ്രസംഗിച്ച പുരോഹിതനും പ്രവാചകനുമായ എസെക്കിയേലും പ്രവാസത്തിനുശേഷം ഇസ്രായേലിൽ മതനവീകരണത്തിനു നേതൃത്വം നല്കിയ എസ്രാ, നെഹെമിയ എന്നിവരും അവരുടെ ശിഷ്യഗണങ്ങളും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

f. ലേവ്യപ്പുസ്തകത്തിന്റെ രചനപൂർത്തിയായത് മോശയ്ക്കുശേഷം ഏകദേശം ആയിരം വർഷം കഴിഞ്ഞ്, ബി.സി.അഞ്ചാം നൂറ്റാണ്ടിലാണ്.

g. പുരോഹിതപാരമ്പര്യത്തിൽപ്പെട്ടതാണ് ലേവ്യപ്പുസ്തകം. അതിന് അയൽദേശ-വിജാതീയനിയമങ്ങളുമായി നേരിട്ടു ബന്ധമില്ല.

**2.** ആ സമയംതന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, അവൻ പറഞ്ഞു: സ്വർഗത്തിൻെറയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാൻമാരിൽനിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും ചെയ്തു. അതേ, പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം. എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏൽപിച്ചിരിക്കുന്നു. പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല; പിതാവാരെന്ന് പുത്രനും, പുത്രൻ ആർക്കു വെളിപ്പെടുത്താനാഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല. അവൻ ശിഷ്യൻമാരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ. എന്തെന്നാൽ, ഞാൻ പറയുന്നു, അനേകം പ്രവാചകൻമാരും രാജാക്കൻമാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു; എങ്കിലും കണ്ടില്ല. നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു; എങ്കിലും കേട്ടില്ല.

**3.** ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണമാവുകയും ചെയ്യും. ദൈവം തൻെറ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു. പിതാവു തൻെറ പുത്രനെ ലോകരക്ഷകനായി അയച്ചു എന്നു ഞങ്ങൾ അറിഞ്ഞിരിക്കുന്നു; ഞങ്ങൾ അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. യേശു ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നവനിൽ ദൈവം വസിക്കുന്നു; അവൻ ദൈവത്തിലും വസിക്കുന്നു. ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്




blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യം കലോത്സവം**

പ്രിയ ബഹു. അച്ചാ, ആനിമേറ്റർ, കുഞ്ഞുങ്ങളേ,

തിരുബാലസഖ്യം രൂപതാ കേന്ദ്രത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.....

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗികകഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന, രൂപതാതല മത്സരങ്ങൾ ഈ വർഷവും നടത്തുന്നു. രൂപതാതല മത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് **2014 ജനുവരി 4-ാം** തിയ്യതി ശനിയാഴ്ചയാണ്. അതിനുമുമ്പായി ഫൊറോന മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി ഫൊറോനതല മത്സരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ **2013 ഡിസംബർ 1ന്** മുമ്പായി രൂപത മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഫൊറോന മത്സരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപത തലത്തിൽ മത്സരിക്കാവുന്നതാണ്.





വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 2 എണ്ണത്തിലേ പങ്കെടുക്കാവൂ. മതബോധനത്തിന് 4-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മത്സര ഇനങ്ങൾ**

**ജൂനിയേഴ്സ്** (1, 2 ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം.

**സീനിയേഴ്സ്** (3, 4, ക്ലാസുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ഗ്രൂപ്പ്സോംഗ്, ആക്ഷൻസോംഗ്, കഥാപ്രസംഗം ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം.

**മത്സരനിയമാവലി**

**ലളിതഗാനം:** ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സമയം: 5 മിനിട്ട്

**ആക്ഷൻ സോംഗ്:** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം: 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പുമാത്രമേ പാടുള്ളു).

**ബൈബിൾ കഥപറയൽ:** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം: 5 മിനിട്ട്

**പ്രസംഗം:** സമയം: 5 മിനിട്ട്

*വിഷയം:* പ്രവർത്തനനിരതമാകുന്ന വിശ്വാസം (സീനിയേഴ്സ്)

യേശു വഴിയും സത്യവും ജീവനും (ജൂനിയേഴ്സ്)

**ഗ്രൂപ്പ്സോംഗ്:** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മത്സരമുള്ളൂവെങ്കിലും കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം: 5 മിനിട്ട് (ഡ്രസ്സിന്റെ ഭംഗിനോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്).

**കഥാപ്രസംഗം:** ബൈബിളിലെ കഥ തന്നെയായിരിക്കണം. പിന്നണി അനുവദനീയമല്ല. 15 മിനിട്ട് സമയം

**ബൈബിൾ വാക്യങ്ങൾ എഴുതൽ:** പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യംമുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി.ഒ.സി ബൈബിൾ ഉപയോഗിക്കുക. **വി. മത്തായിയുടെ സുവിശേഷ**

**ത്തിൽനിന്ന് മാത്രമായിരിക്കണം ബൈബിൾ വാകൃങ്ങൾ എഴുതേണ്ട ത്.** സമയം: 10 മിനിട്ട്

- കഴിഞ്ഞമത്സരത്തിൽ എവറോളിംഗ് ട്രോഫി കൊണ്ടുപോയവർ അത് രൂപ തയിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

- രൂപത മത്സരദിവസം ചായയും ഉച്ചഭക്ഷണവും ആവശ്യമുള്ളവർ നേരത്തെ വിളിച്ചറിയിക്കുക.

**ശ്രദ്ധിക്കുക**

**തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏത് പരിപാടിക്ക് വരുമ്പോഴും കുട്ടികൾക്കെല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

**ഈ വർഷം ആൽബം മത്സരം ഉണ്ടായിരിക്കുന്നതല്ല.**

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# അൾത്താരസംഘം

blogspot: abapalghat.blogspot.in

**അൾത്താര സംഘം ക്വിസ് മത്സരം**

ഫൊറോനാതല ക്വിസ് മത്സരം സമാപിച്ചു. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ. രൂപതാതല മത്സരം ഡിസംബർ 14 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് 10.00am - 1.00pm വരെയായിരിക്കും. ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത ക്വിസ് മത്സരത്തിന് എത്തിച്ചേരുമല്ലോ.

**പഠനഭാഗം**

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി **(ഡിക്രികൾ മാത്രം)-** | | 60 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 16 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലേയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ





വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്നകാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. ഡിസംബർ 31ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏൽപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

# ചെറുപുഷ്പ മിഷൻ ലീഗ്

**ശാന്തിദൂതുമായ്**

**ദൈവത്തിന് സ്തുതി!**

**പ്രിയ കുഞ്ഞുമിഷനറിമാരെ,**

നമ്മുടെ മുന്നിൽ ഒരു ജപമാലമാസം കൂടി കഴിഞ്ഞിരിക്കുകയാണ്. ഒക്ടോബർ മാസത്തിൽ നമ്മൾ ഓരോരുത്തരും വിശ്വാസത്തോടർപ്പിച്ച ജപമാല ഓരോ മിഷൻ പ്രദേശങ്ങൾക്കും ആത്മീയബലം നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഏകദിന സെമിനാർ**

കഴിഞ്ഞ ഒക്ടോബർ 12-ാം തീയതി താവളം മേഖല ഏകദിന സെമിനാർ കാരറ ശാഖയിൽവെച്ച് നടത്തപ്പെടുകയുണ്ടായി. 6 യൂണിറ്റുകളിൽനിന്നായി 160 അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. സെമിനാർ വിജയകരമാക്കാൻ പ്രയത്നിച്ച മേഖല ഡയറക്ടർ റവ. ഫാ. സന്തോഷ് മുരിക്കനാനിക്കൽ, മറ്റു ശാഖാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ് എന്നിവർക്ക് രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**രൂപതാ കലോത്സവം**

കഴിഞ്ഞ ഒക്ടോബർ 16ന് പാലക്കാട് സെന്റ് റാഫേൽസ് സ്കൂളിൽ വെച്ച് നമ്മുടെ സംഘടനയുടെ രൂപതാതല കലോത്സവം വളരെ വിജയകരമായി നടത്തപ്പെടുകയുണ്ടായി. രൂപതാ പ്രസിഡന്റ് ശ്രീ. ഷാജി കരിമ്പിൽ പതാക ഉയർത്തി. തുടർന്ന് നടന്ന സമ്മേളനത്തിൽ സംസ്ഥാന വൈ. ഡയറക്ടർ

റവ. സി. ലിസ അലക്സ് എസ്.കെ.ഡി. ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ മേഖലകളിൽനിന്നായി 350 ഓളം മത്സരാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ 192 പോയന്റുകളോടെ മണ്ണാർക്കാട് മേഖല ഒന്നാംസ്ഥാനം കരസ്ഥമാക്കി. 179 പോയന്റുകളോടെ വടക്കഞ്ചേരി മേഖല രണ്ടാംസ്ഥാനവും 145 പോയന്റുകളോടെ പാലക്കാട് റീജിയൺ മൂന്നാംസ്ഥാനവും നേടുകയുണ്ടായി. മികച്ച ശാഖകൾക്കുള്ള ഒന്നാംസ്ഥാനം 78 പോയന്റുകളോടെ വടക്കഞ്ചേരി ശാഖയും 77 പോയന്റുകൾ നേടി കണ്ടമംഗലം ശാഖ രണ്ടാംസ്ഥാനവും 70 പോയന്റുകൾ നേടി ധോണി ശാഖ മൂന്നാംസ്ഥാനവും കരസ്ഥമാക്കി. മത്സരശേഷം നടന്ന സമാപനസമ്മേളനത്തിൽ സെന്റ് റാഫേൽസ് കത്തീഡ്രൽ വികാരി റവ. ഫാ. ഡോ. മാത്യു വാഴയിൽ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജെയ്സ് ജോൺ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ! എല്ലാ ശാഖാ-മേഖലാ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും ടീം മാനേജേഴ്സിനും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**സംസ്ഥാനകലോത്സവം**

ഈ മാസം 9-ാം തീയതി (രണ്ടാം ശനി) കോതമംഗലം രൂപതയിലെ മുവാറ്റുപുഴ, നിർമ്മല കോളേജിൽ വെച്ച് സംസ്ഥാനകലോത്സവം നടത്തപ്പെടുകയാണ്. രൂപതാമത്സരത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരും (കഥാപ്രസംഗ മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയവർ മാത്രം) ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാംസ്ഥാനം നേടിയവരുമാണ് സംസ്ഥാനമത്സരത്തിൽ പങ്കെടുക്കേണ്ടത്. യോഗ്യതനേടിയ എല്ലാ അംഗങ്ങളും ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും പരിശീലനം നടത്തി വേണം പങ്കെടുക്കാനെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ ഓരോ മേഖലയിലേക്കും അറിയിക്കുന്നതാണ്. കൂടുതൽ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**2013- നവംബർ കർമ്മപരിപാടികൾ**

| | |
|---|---|
| നവംബർ 9 ശനി | : സംസ്ഥാനകലോത്സവം-നിർമ്മല കോളേജ് മുവാറ്റുപുഴ, കോതമംഗലം രൂപത |
| നവംബർ 14 വ്യാഴം | : **കരിശ്മ-2013 മണ്ണാർക്കാട് മേഖല ഏകദിനസെമിനാർ** |
| നവംബർ 15 വെള്ളി | : മുൻ സംസ്ഥാനഡയറക്ടർ റവ. ഫാ പീറ്റർ ഊരാളിൽ ചരമദിനം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കു വേണ്ടി പ്രാർത്ഥിക്കുക. |
| നവംബർ 24 ഞായർ | : **മിശിഹായുടെ രാജത്വ തിരുനാൾ** |





**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം - സഭാ നേതൃത്വത്തിനുവേണ്ടി.

* സംസ്ഥാന മത്സരവിജയികളെ ശാഖകളിൽ ആദരിക്കുക.

* 25 നോമ്പിന്റെ ഒരുക്കങ്ങൾ നടത്തുക.

* ശാഖകളിൽ സെമിനാറുകൾ നടത്തുക (വിഷയം - നോമ്പിന്റെ പ്രസക്തി, വിശുദ്ധരുടെ ജീവിത മാതൃക എന്റെ കാഴ്ച്ചപ്പാടിൽ) ആധുനിക കാലഘട്ടത്തിൽ വിശ്വാസജീവിതം.

**സുകൃതജപം:** "ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ, ഞങ്ങളുടെമേൽ സ്നേഹമായിരിക്കണമേ"

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**ഉത്സവ് 2013 നവംബർ 14**

കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിലുള്ള കലാ-കായിക മത്സരങ്ങൾ 'ഉത്സവ് 2013' നവംബർ 14 (വ്യാഴാഴ്ച) നടത്തപ്പെടുന്നു. കായിക മത്സരങ്ങൾ രാവിലെ 9.30 ന് മേഴ്സി കോളേജ് ഗ്രൗണ്ടിൽ വച്ച് ആരംഭിക്കും. തുടർന്ന് കലാമത്സരങ്ങൾ സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂളിൽവെച്ച് നടക്കും. രൂപത ഉത്സവിനോടനുബന്ധിച്ച് എല്ലാ ഫൊറോനകളും കലാ-കായിക മത്സരങ്ങൾ നടത്തി രൂപത മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് നൽകേണ്ടതാണ്.

### YEAST (Youth Empowerment And Spiritual Training)

ഒക്ടോബർ 11,12,13 തിയ്യതികളിൽ ധോണി സെന്റ് ജെയിംസ് ദ ഗ്രേറ്റ് ഇടവകദേവാലയത്തിൽ വെച്ച് കെ.സി.വൈ.എം ന്റെ നേതൃത്വത്തിലുള്ള YEAST(Youth Empowerment And Spiritual Training) ക്ലാസ്സുകൾക്ക് വിരാമം കുറിച്ചു. ഒക്ടോബർ 11 വൈകുന്നേരത്തോട് കൂടി ക്ലാസ്സുകൾ ആരംഭിച്ചു. വി. ഗ്രന്ഥാടിസ്ഥാനവും ദൈവശാസ്ത്രപരവുമായ ക്ലാസ്സുകൾ നൽകിയത് ഫാ. ജോജി വടക്കേക്കര, ഫാ. കിഴക്കേടത്ത് തോം, ഫാ. ജോമിസ് കൊടകശ്ശേരിയിൽ, ഹോളി ഫാമിലി പ്രൊവിൻഷ്യൽ സി.പുഷ്പ എന്നിവരാണ്. YEAST കോ-ഓർഡിനേറ്ററായ ശ്രീമതി ഫ്രിൻസി ഫ്രാൻസിസ് ചർച്ചയ്ക്ക് വിഷയം നൽകുകയും ഫലപ്രദമായ ചർച്ചയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. YEAST ക്ലാസുകൾക്ക് രൂപത കെ.സി.വൈ.എം

ഡയറക്ടർ ഫാ. ടോം വടക്കേക്കര, ജോയിന്റ് ഡയറക്ടർ ഫാ. ആന്റോ കീറ്റിക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## ജീസസ് യൂത്ത്

### Step One

All Kerala Jesus Youth Teens Ministry 9-ാം ക്ലാസ്സിലെ കുട്ടികൾക്കായി ചങ്ങനാശ്ശേരി SB College -ൽ സംഘടിപ്പിച്ച സ്റ്റെപ്പ് വൺ പ്രോഗ്രാമിൽ മംഗലംഡാം സെന്റ് സേവ്യേഴ്സ് സ്കൂളിൽനിന്നും 6 കുട്ടികൾ പങ്കെടുത്തു.

**രൂപതയിലെ ജീസസ് യൂത്ത് പ്രാർത്ഥന കൂട്ടായ്മകൾ**

| | |
|---|---|
| 1. N.S.S. Engineering College, Olavakode | - Thursday 5pm to 6pm |
| 2. Govt. Engineering College, Sreekrishnapuram | - Thursday 5pm to 6pm |
| 3. Mercy College, Palakkad | - Monthly |
| 4. Yuvakshetra College, Mundur | - Wednesday 12.45pm to 1.30pm |
| 5. Jyothi College, Mannarkkad | - Friday 12.30pm to 1.30pm |
| 6. Assisi Higher Secondary School, Kanjikode | - Wednesday 3.30pm to 4.15pm |
| 7. St. Thomas Church, Elavampadam | - 2nd Saturday |
| 8. Pastoral Centre, Palakkad | - 2nd & 4th Saturday 4pm to 6pm |
| 9. Mercy Home, Palakkad (Family Ministry) | - 2nd Sunday 6pm to 8pm |

**പുതിയ യുവജന പ്രാർത്ഥനാകൂട്ടായ്മകൾ**

ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യുവജന ധ്യാനങ്ങൾ ക്രമീകരിക്കുന്നതിനും പുതിയ യുവജന പ്രാർത്ഥനാ കൂട്ടായ്മകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ കാര്യക്ഷമമാക്കുന്നതിനും സേവനം ആവശ്യമായിട്ടുള്ളവർ ബഹു. ജീസ്സസ് യൂത്ത് ഫുൾടൈമർ ശ്രീ. വർഗ്ഗീസുമായി ബന്ധപ്പെടുക. Mob: 8606275616

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ





## മാതൃസംഘം

**2013 നവംബർ : ശരീരത്തിന്റെ ഉയർപ്പിലുള്ള വിശ്വാസം**

നവംബർ 14- മാതൃസംഘം രൂപതാതല കലാമത്സരങ്ങൾ

ഫൊറോനതല എക്സിക്യൂട്ടീവ് മീറ്റിംഗുകൾ

**2013 ഡിസംബർ : നിത്യമായ ജീവിതത്തിലുള്ള വിശ്വാസം**

ഡിസംബർ 2- മാതൃസംഘം രൂപതയിലെ തിരഞ്ഞെടുപ്പിനുള്ള ഫൊറോനപാനൽ സമർപ്പണം.

ഡിസംബർ 7- മാതൃസംഘം രൂപതാതല ജനറൽ ബോഡി മീറ്റിംങ്ങ്, രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഡിസംബർ 28-കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

ഡിസംബർ 29-തിരുക്കുടുംബ തിരുനാൾ

പഠനം ദൈവത്തിന് മനുഷ്യനിലുള്ള വിശ്വാസം- മനുഷ്യന് മനുഷ്യനിലുള്ള വിശ്വാസം

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

**ഹോം മിഷൻ**

രൂപത റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ഹോം മിഷൻ സജീവമായി നടക്കുന്നു. ഹോം മിഷനു മുന്നോടിയായി ബഹു. വികാരിമാർ ഇടവകയിൽ ശരിയായ ഒരുക്കങ്ങൾ നടത്തുന്നതിന്റെ തോതനുസരിച്ചായിരിക്കും ഫലങ്ങൾ. കഴിഞ്ഞ മാസം ഹോം മിഷൻ നടന്ന ഇടവകകൾ.

**സെന്റ് ആന്റണീസ്, പൊമ്പ്ര :** ഒക്ടോബർ 4 തുടങ്ങി 11 വരെ ഹോം മിഷൻ നടത്തി. സമാപനദിവസം ആരാധനയും, കുമ്പസാരവും നടത്തി. ക്രൈസ്തവ കുടുംബങ്ങളിൽ ഉണ്ടായിരിക്കേണ്ട ദൈവസാന്നിധ്യത്തെപറ്റി പ്രഭാഷണവും ഉണ്ടായിരുന്നു.

**ഹോളി ട്രിനിറ്റി യാക്കര :** ഒക്ടോബർ 6 മുതൽ 12 വരെ ഭവനസന്ദർശനങ്ങൾ നടത്തി, കുടുംബനവീകരണും നടത്തി.

**ഡിവൈൻ പ്രൊവിഡൻസ്, ചന്ദ്രനഗർ :** ഒക്ടോബർ 6 മുതൽ 18 വരെ ഹോം മിഷൻ നടന്നു. സമാപന ദിവസം വി. കുർബാനയും കുടുംബജീവിതത്തെ പറ്റി പ്രഭാഷണവും ഉണ്ടായിരുന്നു.

**സെന്റ് ആന്റണീസ് ഫൊറോന മേലാർക്കോട് :** ഒക്ടോബർ 6 മുതൽ 16 വരെ നടത്തപ്പെട്ട ഹോം മിഷൻ വളരെ വിജയമായിരുന്നു. 16-ാം തിയ്യതി നവീകരണദിനമായി ആചരിച്ചു. ബഹു. അരുൺ കലമറ്റത്തിലച്ചൻ ഏകദിനധ്യാനം നടത്തി. രൂപതാ ഡയറക്ടർ സമാപന ദിവ്യബലി അർപ്പിക്കുകയും, സന്ദേശം നല്കുകയും ചെയ്തു.

**ശാന്തിനാഥ, പഴമ്പാലക്കോട് :** ഒക്ടോബർ 20 മുതൽ 24 വരെ ഭവനസന്ദർശനങ്ങൾ നടത്തി. 24-ാം തിയ്യതി ബഹു. വികാരി സുമേഷ് നാല്പതാം കളത്തിന്റെ നേതൃത്വത്തിൽ സമാപിച്ചു.

**സെന്റ് തോമസ്, എളവംപാടം :** ഒക്ടോബർ 15 മുതൽ 27 വരെ ഹോം മിഷൻ നടന്നു. സമാപന ദിവസം ബഹു. ഫാ.ജെയിൻ ഒ എഫ് എം പ്രബാഷണം നടത്തി. എല്ലാവരെയും ഒരുക്കി കുമ്പസാരിപ്പിച്ചു. ഉച്ചകഴിഞ്ഞ് ബഹു. ഡയറക്ടറച്ചന്റെ കാർമ്മികത്വത്തിൽ വി. ബലിയും സന്ദേശവും ഉണ്ടായിരുന്നു.

**സെന്റ് ജൂഡ്സ്, മലമ്പുഴ:** ഒക്ടോബർ 21 മുതൽ 28 വരെ ഭവനസന്ദർശനങ്ങൾ നടത്തി. സമാപനദിവസം ബഹു. ഡയറക്ടറച്ചന്റെ കാർമ്മികത്വത്തിൽ വി. ബലിയും സന്ദേശവും ഉണ്ടായിരുന്നു.

**a) നവംബർമാസത്തെ ഹോം മിഷൻ:**

| | |
|---|---|
| സെന്റ് തോമസ് ഫൊറോന, കാഞ്ഞിരപ്പുഴ | -ഒക്ടോ. 27 - നവം. 23 |
| ലൂർദ്ദ്മാതാ ഫൊറോന, വടക്കഞ്ചേരി | - നവം. 1 - 29 |
| ക്രൈസ്ററ്, തച്ചനടി & ഹോളി ക്രോസ്, പാടൂർ | - ഒക്ടോ. 29 - നവം. 2 |
| സെന്റ് ജെയിംസ്, ധോണി | - നവം. 5 - 13 |
| സെന്റ് മേരീസ്, കരിമ്പ | - നവം. 17 - 30 |
| മേരി മാതാ, പന്തലാംപാടം | - ഒക്ടോ. 27 - നവം. 9 |
| ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി, കേരളശ്ശേരി | - നവം. 26 - 30 |

**b)** അതതു പള്ളികളിൽ സിസ്റ്റേഴ്സ് തലേദിവസം വൈകുന്നേരം അഞ്ചു മണിക്കു മുമ്പ് എത്തിയിരിക്കും. അത്യാവശ്യങ്ങൾ വന്നാൽ Contact No- ഫാ. ജോർജ് തുരുത്തിപള്ളി 8281340073

**c)** ബഹുമാനപ്പെട്ട വികാരിമാർ, ഹോംമിഷനു ഒരുക്കമായ പ്രാർത്ഥന വീടുകളിൽ എത്തിക്കാനുള്ള ക്രമീകരണങ്ങൾചെയ്യുമല്ലോ, ഹോം മിഷൻ നടക്കുന്ന ദിവസങ്ങളിൽ ഈ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുമല്ലോ.





**പ്രീകാന കോഴ്സ്**

**നവംബർ** മാസത്തിലെ പ്രീകാനകോഴ്സ് **4,5,6,7** തിയ്യതികളിലും **ഡിസംബർ** മാസത്തിലെ പ്രീകാനകോഴ്സ് **2,3,4,5** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**എപ്പാർക്കിയൽ അസംബ്ലിക്കു ഒരുക്കമായ് മേഖല തലത്തിൽ നടത്തപ്പെടുന്ന പഠനശിബിരം**

എപ്പാർക്കിയൽ അസംബ്ലിയുടെ വിജയം ചർച്ചചെയ്യപ്പെടാനുള്ള വിഷയങ്ങൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പഠിക്കുന്നതിലാണ്. കുടുംബകൂട്ടായ്മകളിൽ ഈ വിഷയങ്ങൾ സജീവമായി ചർച്ചചെയ്യപ്പെടുവാൻ താഴെ പറയുന്ന ക്രമീകരണം സഹായിക്കും. ഇടവകയിലെ എല്ലാ യൂണിറ്റുകളിലും ഈ വിഷയം ചർച്ചചെയ്യാൻ, നേതൃത്വം കൊടുക്കാൻ പ്രാപ്തനായ ഒരു വ്യക്തിയെ വികാരിയച്ചൻ നിയമിച്ച് മേഖലതലത്തിലുള്ള ക്ലാസ്സിൽ പങ്കെടുപ്പിക്കണം. ഈ ക്ലാസ്സിലൂടെ വിഷയങ്ങളെപ്പറ്റി ശരിയായി പഠിക്കുന്ന ഇടവക പ്രതിനിധി ഇടവകയിലെ യൂണിറ്റുകളിൽ ചർച്ചക്കു നേതൃത്വം കൊടുക്കും. അതിൻപ്രകാരം ഇപ്രകാരമാണ് ചർച്ചക്ലാസ് ക്രമീകരിച്ചിരിക്കുന്നത്.

**ഡിസംബർ 26** (Time 10-4) വടക്കഞ്ചേരി മേഖല

(വടക്കുഞ്ചേരി, മംഗലഡാം, മേലാർക്കോട്, തത്തമംഗലം ഫൊറോനകൾ)

സ്ഥലം : വടക്കഞ്ചേരി ഫൊറോന പാരിഷ്ഹാൾ

**ഡിസംബർ 26** (Time 10-4) കാഞ്ഞിരപ്പുഴമേഖല

(കാഞ്ഞിരപ്പുഴ, പൊന്നംങ്കോട്, മണ്ണാർക്കാട് ഫൊറോനകൾ)

സ്ഥലം: കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ

**ഡിസംബർ 27** (Time 10-4) പാലക്കാട് മേഖല

(പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം ഫൊറോനകൾ)

സ്ഥലം: പാലക്കാട് കത്തീഡ്രൽ പാരിഷ്ഹാൾ

**ഡിസംബർ 31 (Time 10-4)** അട്ടപ്പാടി മേഖല

സ്ഥലം: താവളം ഫൊറോന പാരിഷ്ഹാൾ

NB: ഇടവകയിൽ നിന്നും വരുന്ന പ്രതിനിധി കുടുംബകൂട്ടായ്മ ഭാരവാഹി ആകണമെന്നില്ല. വിഷയം അവതരിപ്പിക്കാൻ പറ്റുന്ന വ്യക്തിയാണെങ്കിൽ കൂടുതൽ ഉചിതം. ഈ പ്രതിനിധിയുടെ പക്കൽ ഓരോ ഇടവകയ്ക്കുമുള്ള ചർച്ചാവിഷയങ്ങൾ കൊടുത്തുവിടുന്നതായിരിക്കും. എല്ലാ കാര്യങ്ങളും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്.

**എപ്പാർക്കിയൽ അസംബ്ലി**

പ്രഥമ എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് "പ്രവർത്തനനിരതമായ വിശ്വാസം ക്രിസ്തുസാക്ഷ്യത്തിന്" എന്നതാണ്. ഈ വിഷയ രൂപീകരണത്തിനായ് സെപ്റ്റംബർ 18 നു വിവിധ ശ്രേണിയിലുള്ള പ്രതിനിധികളെ ക്ഷണിച്ച് രൂപതയെ പറ്റിയും, വ്യത്യസ്ത ശുശ്രൂഷകളെ പറ്റിയും ദർശനം നല്കുന്ന രീതിയിൽ ബഹു. ഡോ. മാത്യു ഇല്ലത്തുപറമ്പിലച്ചൻ ക്ലാസെടുത്തു, ഗ്രൂപ്പു ചർച്ചകൾ നടത്തി. തുടർന്ന് സെൻട്രൽ കമ്മിററി ഒന്നിച്ചുകൂടി അസംബ്ലിക്കുള്ള വിഷയമായ "പ്രവർത്തനനിരതമായ വിശ്വാസം ക്രിസ്തുസാക്ഷ്യത്തിന്" അടിസ്ഥാനമാക്കി അഞ്ചു പഠനങ്ങൾ ക്രമീകരിച്ചുകൊണ്ടിരിക്കുന്നു. ഈ പഠനങ്ങൾ നമ്മുടെ ഇടവകകളിലെ കുടുംബസമ്മേളനയൂണിറ്റുകളിൽ ചർച്ചചെയ്തു. ഇടവകാതലത്തിൽ റിപ്പോർട്ടുണ്ടാക്കി ഫൊറോന തലങ്ങളിൽ ചർച്ചചെയ്യണം. തുടർന്നാണ് ഈ വിഷയങ്ങളെ അടിസ്ഥാനമാക്കി അസംബ്ലിക്കുള്ള അവതരണ പേപ്പറുകൾ ക്രമീകരിക്കുക. ഡിസംബർ അവസാനത്തോടുകൂടി ചർച്ചാവിഷയങ്ങൾ ഇടവകകളിൽ ലഭ്യമാക്കും. ജൂൺ മാസത്തിനുമുമ്പായി ഈ വിഷയങ്ങൾ കുടുംബയൂണിറ്റുകളിൽ ചർച്ചചെയ്യുന്നതിന്റെ തോതനുസരിച്ചായിരിക്കും അസംബ്ലിയുടെ വിജയം.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
**കുടുംബക്കൂട്ടായ്മ ഡയറക്ടർ**

## കത്തോലിക്കാ കോൺഗ്രസ്സ്

നമ്മുടെ രൂപതയിൽ (AKCC) രൂപീകരിച്ചുവെങ്കിലും ശരിയായ രീതിയിൽ അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇന്നത്തെ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തിൽ ഇതിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നു. അതു





കൊണ്ട് നമ്മുടെ ഓരോ ഇടവകകളിൽ നിന്നുള്ള സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ പേരുകൾ ബഹു. വികാരിയച്ചന്മാർ തരുമല്ലോ. അവരെയെല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് മേഖല, രൂപത തലങ്ങളിൽ (AKCC) പുനർക്രമീകരിക്കുന്നത്.

**ഫാ. ജോർജ് തുരുത്തിപള്ളി**
ഡയറക്ടർ

## മദ്യവിരുദ്ധസമിതി

**I. എന്റെ ഈശോ കരയാതിരിക്കാൻ ഞാൻ എന്തുചെയ്യണം?**

- ഞാൻ ഇന്നുമുതൽ മദ്യമോ ലഹരിവസ്തുക്കളോ ഉപയോഗിക്കില്ല.
- ലഹരിവസ്തുക്കൾ ഞാൻ ആർക്കും നൽകില്ല. ഉപയോഗിക്കാൻ ആരേയും പ്രേരിപ്പിക്കുകയില്ല.
- ലഹരി വിളമ്പുന്ന വിരുന്നുകൾ ഞാൻ ബഹിഷ്ക്കരിക്കും.
- ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ഞാൻ പ്രാർത്ഥിക്കും, പ്രവർത്തിക്കും.
- എന്റെ കുടുംബം സമ്പൂർണ്ണ മദ്യ ലഹരി വിമുക്തമാക്കാൻ ഞാൻ പ്രയത്നിക്കും.

"പകലിന് യോജിച്ച വിധം നമുക്ക് പെരുമാറാം. സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിതവേഴ്ചയിലോ വിഷയാസക്തിയിലോ,കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്" (റോമ 13/13).

**II.** കുഞ്ഞുമക്കളെ ലഹരിവിരുദ്ധ പടയാളികളാകാൻ പാലക്കാട് രൂപതാ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി നിങ്ങളെ ക്ഷണിക്കുന്നു. വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കായി ഞങ്ങൾ ഒരുക്കുന്നു.

* ADAMS (Anti Drug Awareness Movement for Students)
* ബോധവല്ക്കരണ സെമിനാറുകൾ.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| നവംബർ | 03–08 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| നവംബർ | 10–15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| നവംബർ | 17–21 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| നവംബർ | 21–24 | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| നവംബർ | 25–30 | ഡീക്കന്മാരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻ**

നവംബർ 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോ





യിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

പീപ്പിൾ സർവ്വീസ് സൊസൈറ്റി സമൂഹത്തിലെ പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. 60 വയസിനുമുകളിൽ പ്രായമുള്ളവർക്കുവേണ്ടി സീനിയർ സിറ്റിസൺ ഗ്രൂപ്പുകൾ(അംഗവൈകല്യമുള്ളവർ) 40 വയസ്സിനുമേൽപ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുവേണ്ടി സിംഗിൾ വിമൻസ് ഗ്രൂപ്പുകൾ, ശയ്യാവലംബരായവർക്കും അവരെ പരിചരിക്കുന്നവരുടെയുംഗ്രൂപ്പുകൾ, ചിൽഡ്രൺ പാർലമെന്റ്, അന്യസംസ്ഥാന തൊഴിലാളികൾ റസിഡന്റ് അസോസിയേഷൻസ് എന്നിങ്ങെ പ്രത്യേക സാമൂഹ്യ സുരക്ഷാ പദ്ധതികൾ നേടിയെടുക്കാനും രാഷ്ട്രവികസനത്തിൽ പങ്കാളികളാകുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളാണ് ഈ സംഘടനകളിലൂടെ ലക്ഷ്യം വയ്ക്കുന്നത് മേൽപറഞ്ഞ ഗണത്തിൽപ്പെട്ടവരുടെ കൂട്ടായ്മയിൽ ചേരുവാൻ ആഗ്രഹിക്കുന്നവരോ അവരുടെ ര ക്ഷിതാക്കളോ പി.എസ്.എസ്.പി ഓഫീസുമായോ ആനിമേറ്റർമാരുമായോ ബന്ധപ്പെടുക. ഫോൺ(8281876395)

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

6.11.2013 ന് ബുധനാഴ്ച ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പി യിൽ വച്ച് കാലത്ത് 11 മണിക്ക് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 08.11.13 | വെള്ളി | കുഴൽമന്ദം | കരടിയംപാറ | 10.30am |
| 11.11.13 | തിങ്കൾ | പാലക്കാട്/മലമ്പുഴ | ഇരുപ്പക്കാട് | 10.30am |
| 13.11.13 | ബുധൻ | മണ്ണാർക്കാട് | കാരാകുറുശ്ശി | 10.30am |
| 14.11.13 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 10.30am |
| 18.11.13 | തിങ്കൾ | അട്ടപ്പാടി/ഗൂളിക്കടവ് | റീജിയണൽ ഓഫീസ് | 10.30am |
| 20.11.13 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 10.30am |
| 27.11.13 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 10.30am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 18.11.2013 | തിങ്കൾ | അട്ടപ്പാടി റീജിയണൽ ഓഫീസ് | 11am to 1.00 pm |
| 19.11.2013 | ചൊവ്വ | സാൻജോ ടവ്വർ, പാലക്കാട് | 11.am to 2.00pm |
| 20.11.2013 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11am to2.00 pm |
| 21.11.2013 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11am to 2.00 pm |
| 27.11.2013 | ബുധൻ | FCC വടക്കഞ്ചേരി | 11am to 2.00pm |

**നബാർഡ് വനിത സ്വയം സഹായ സംഘം**

കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത താഴെ പറയുന്ന ബ്ലോക്കുകളിലെ സ്ത്രീകളെ നബാർഡിന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ അയൽകൂട്ടങ്ങളായി സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ടി ബാങ്കു വായ്പ നേടികൊടുക്കുന്ന ഒരു സംരംഭം പി.എസ്.എസ്.പി യുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു. ഇതിന്റെ ആദ്യഘട്ടത്തിൽ 300 ഗ്രൂപ്പുകൾ ജില്ലയിൽ ആരംഭിച്ചു. രണ്ടാം ഘട്ടം 250 ഗ്രൂപ്പുകൾ കൂടി ആരംഭിക്കുന്നു. താല്പര്യമുള്ളവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക. (അട്ടപ്പാടി, മണ്ണാർക്കാട്,പാലക്കാട്,തൃത്താല, കുഴൽമന്ദം, ആലത്തൂർ എന്നീ ബ്ലോക്കുകളും പാലക്കാട് മുനിസിപ്പാലിറ്റിയും).





**മൈനോറിറ്റി വനിതാഗ്രൂപ്പുകൾ**

പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ സഹായങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ന്യൂനപക്ഷസമൂദായത്തിൽപ്പെട്ട(ക്രിസ്ത്യൻ,മുസ്ലിം) സ്ത്രീകളെ (10 മുതൽ 20 വരെ അംഗങ്ങൾ)അയൽകൂട്ടങ്ങളായി മേൽപറഞ്ഞ സ്ഥാപനത്തിന്റെ സഹായങ്ങൾ നേടിയെടുക്കുവാൻ പ്രാപ്തരാക്കുന്ന ഒരു പദ്ധതി പി.എസ്.എസ്.പി. ആരംഭിച്ചു. ഇതിന്റെ ആദ്യഘട്ടമായി കുറഞ്ഞ പലിശക്ക് 53 ലക്ഷം രൂപ പി.എസ്.എസ്.പിയ്ക്ക് വായ്പയായി ലഭിച്ചു. ഗ്രൂപ്പുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

സോപ്പ്, സോപ്പുല്പന്നങ്ങൾ തുടങ്ങി 10 തരം ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കെ.എൽ.എം. പാലക്കാട്

നവംബർ 17 ഞായർ 2 മണിമുതൽ 5 മണിവരെ കെ.എൽ.എം രൂപതാ കമ്മിററിയും യൂണിറ്റ്, ഫോറം ഭാരവാഹികളുടെ യോഗവും സംയുക്തമായി പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

ഡയറക്ടർ

# From the Bishop's Diary

**2013 സെപ്തംബർ**

27 – കാണിക്കമാതാ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സി.എം.സി. സന്യാസസമൂഹത്തിന്റെ “യൂണിഫിക്കേഷൻ” ദിനാചരണസമ്മേളനം ഉദ്ഘാടനം ചെയ്തു.

– രൂപതാകാര്യാലയത്തിൽ വച്ച് സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– യുവക്ഷേത്രയിൽ ഹോം മിഷൻ ട്രെയിനിംഗ് പൂർത്തിയാക്കിയ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

28 – കാഞ്ഞിരപ്പള്ളിയിൽ ശ്രീ. ജീരകത്ത് തോമസിന്റെ മൃതദേഹ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ മാർ മാത്യു അറയ്ക്കൽ പിതാവിനെയും മാർ മാത്യു വട്ടക്കുഴി പിതാവിനെയും സന്ദർശിച്ചു.

– മരിയപുരം എം.എം.ബി. പ്രൊവിൻഷ്യൽ ഹൗസിൽ ബ്ര. മാർട്ടിൻ വടക്കേക്കരയുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി.

29 – ചിറ്റൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

30 – പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പി. കർമ്മപദ്ധതി അവലോകന ശിബിരം ഉദ്ഘാടനം ചെയ്തു.





**2013 ഒക്ടോബർ**

1 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

2 – സെന്റ് റാഫേൽ കത്തീഡ്രലിൽ മതാധ്യാപക കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് പാസ്റ്ററൽ സെന്ററിൽ നടന്ന സമാപന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പന്തലാംപാടം എം.എസ്.എഫ്.എസ്. ആശ്രമത്തിൽ ഫാ. ഇഗ്നേഷ്യസ് എം.എസ്.എഫ്.എസ്. ന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

3 – ഓസ്ട്രേലിയയിലേക്ക് പുറപ്പെട്ടു.

13 – ഓസ്ട്രേലിയയിൽനിന്ന് തിരിച്ചെത്തി.

14 – മണ്ണാർക്കാട് അഭിഷേകാഗ്നി കൺവെൻഷനിൽ സംബന്ധിച്ചു.

15 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിന്റെ സമ്മേളനത്തിൽ സംബന്ധിച്ചു.

16 – മണ്ണാർക്കാട് അഭിഷേകാഗ്നി കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

17 – വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ ഒരു കുട്ടിയ്ക്ക് മാമോദീസ നൽകി.

18 – കഞ്ചിക്കോട് ദൈവാലയവും സന്യാസ സ്ഥാപനങ്ങളും സന്ദർശിച്ചു.

19 – പാലക്കാട് ജയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ സംയോജന സുവർണ്ണജൂബിലിയുടെയും പ്രൊവിൻസ് ഡേയുടെയും ആഘോഷപരിപാടികളോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- പാസ്റ്ററൽ സെന്ററിൽ ദേശീയ മൈനോരിറ്റി കമ്മീഷൻ അംഗം ഡോ. സിറിയക് തോമസിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്തു.

20 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഓരോരുത്തരെ ഇന്റർവ്യു ചെയ്തു.

21 – കൊട്ടേക്കാട് സ്നേഹജ്വാല അഗതിമന്ദിരം സന്ദർശിച്ചു.

22 – പൊൽപ്പുള്ളി സെന്റ് ഫ്രാൻസീസ് നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

- തത്തമംഗലം പ്രതീക്ഷാ സ്പെഷ്യൽ സ്കൂളിലെ കുട്ടികളെ സന്ദർശിച്ചു. സെന്റ് മേരീസ് പള്ളിയും അസ്സീസി ശാന്തി ഹോസ്പിറ്റലും സന്ദർശിച്ചു.

23 – ധോണി മരിയൻ റിന്യൂവൽ സെന്ററിൽ അഖണ്ഡജപമാലയർപ്പണത്തിൽ സംബന്ധിച്ചു.

24 – തെങ്കര ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ നാവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

- സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചവർക്കും 'Lay Leaders'ന്റെ പരിശീലനപരിപാടിയിൽ സംബന്ധിച്ചവർക്കും ക്ലാസ്സെടുത്തു.

25 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

26 – മംഗലംഡാം സെന്റ് പീറ്റേഴ്സ് കോൺവെന്റിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

- നടത്തറയിൽ സി. ആലിസ് സി.എം.സി.യുടെ അമ്മയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

27 – കല്ലേപ്പുള്ളി സെന്റ് മേരീസ് ഇടവകദിനാഘോഷത്തിൽ സംബന്ധിച്ചു, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.



Palakkad Rupatha Bulletin NOVEMBER - 2013

